# ഇന്ത്യയെ സമൂലമായി മാറ്റുന്നു

## പ്രസക്തമായ വിദ്യാഭ്യാസവും, അനുയോജ്യ തൊഴിൽ പരിശീലനവും വഴി ഇന്ത്യയിലെ ജനസഹസ്രങ്ങളെ ശാക്തീകരിച്ചുകൊണ്ട്



**താഴെ പറയുന്ന വിഭാഗങ്ങൾക്കായിട്ടാണ് ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത്**

1. ഇന്ത്യയിലെ 35 വയസ്സു വരെ പ്രായമുള്ള യുവജനങ്ങൾ ................ 850 മില്യൻ
2. എംഎസ്എംഇകളിൽ ജോലിയെടുക്കുന്നവർ.................................... 460 മില്യൻ
3. 14 - 55 വയസ്സു വരെ പ്രായമുള്ള തൊഴിൽ രഹിതർ......................... 300 മില്യൻ

**12 ഭാഷകളും ഒപ്പം ഇംഗ്ലീഷും വഴി *i Watch* ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിലും 6 യൂണിയൻ ഭരണപ്രദേശങ്ങളിലും കടന്നുചെല്ലുന്നു.**



# ഇന്ത്യയെ സമൂലമായി മാറ്റുന്നു

## പ്രസക്തമായ വിദ്യാഭ്യാസവും അനുയോജ്യ തൊഴിൽ പരിശീലനവും വഴി ഇന്ത്യയിലെ ജനസഹസ്രങ്ങളെ ശാക്തീകരിക്കൽ

കൃഷ്ണ ഖന്ന

പിന്തുണ

TIMES FOUNDATION
THE TIMES GROUP

Sundaram®
Education Revolution

ഇന്ത്യയിൽ അച്ചടിച്ചത്: ശീതൾ പ്രിന്റ്സ്, 211, പ്രഗതി ഇൻഡസ്ട്രിയൽഎസ്റ്റേറ്റ്, ഡോ. എൻ.എം. ജോഷി മാർഗ്ഗ്, ലോവർ പരേൽ (ഈസ്റ്റ്), മുംബൈ - 400 011.

ഇന്ത്യയിൽ പ്രസിദ്ധീകരിച്ചത് : മാനിഫെസ്റ്റ് പബ്ളിക്കേഷൻസ്, 308, ഒളിമ്പസ്, അൾട്ടാമൗണ്ട് റോഡ്, മുംബൈ - 400 026, ഇന്ത്യ.

പകർപ്പവകാശം © കൃഷ്ണ ഖന്ന 2012

ഇന്ത്യയിൽ ആദ്യം പ്രസിദ്ധീകരിച്ചത് : 1993

ISBN 978-81-906621-0-9

*i-Watch* ആദ്യമായി ട്രാൻസ്ഫോമിംഗ് ഇന്ത്യ 1993 ലാണ് പ്രസിദ്ധീകരിച്ചത്. തുടർന്ന് ഇപ്പോഴത്തെ പതിപ്പ് വരെ ഓരോ വർഷവും ഇത് പുതുക്കിയും വിപുലപ്പെടുത്തിയും പ്രസിദ്ധീകരിച്ച് വരുന്നു. വിശദ വിവരങ്ങൾ ഈ പുസ്തകത്തിന്റെ പേജ് 8-ൽ കാണാം. ഈ പുസ്തകം ഇംഗ്ലീഷിലും 12 ഇന്ത്യൻ ഭാഷകളിലും അതായത് അസ്സാമീസ്, ബംഗാളി, ഗുജറാത്തി, ഹിന്ദി, കന്നട, മലയാളം, മറാത്തി, ഒറിയ, പഞ്ചാബി, തമിഴ്, തെലുഗു, ഉറുദു എന്നീ ഭാഷകളിലും അച്ചടിച്ചിട്ടുണ്ട്.

ഇന്ത്യയിൽ അച്ചടി: ശീതൾ പ്രിന്റ്സ്, 211, പ്രഗതി ഇൻഡസ്ട്രിയൽഎസ്റ്റേറ്റ്, ഡോ. എൻ.എം. ജോഷി മാർഗ്ഗ്, ലോവർ പരേൽ (ഈസ്റ്റ്), മുംബൈ - 400 011.

ഇന്ത്യയിൽ പ്രസിദ്ധീകരണം : മാനിഫെസ്റ്റ് പബ്ളിക്കേഷൻസ്, 308, ഒളിമ്പസ്, അൾട്ടാമൗണ്ട് റോഡ്, മുംബൈ-400 026, ഇന്ത്യ.

**പകർപ്പവകാശവും പുനപ്രസിദ്ധീകരണവും**

ടെക്സ്റ്റ്, ഗ്രാഫിക്സ്, ലോഗോകൾ, ഇമേജുകൾ, വിവരങ്ങളുടെ സമാഹരണം എന്നിവ പോലെയുള്ള ഈ പുസ്തകത്തിന്റെ ഉള്ളടക്കം *i Watch*-ന്റെയും മറ്റു വിവരദാതാക്കളുടെയും സ്വത്ത് ആണ്. ഈ പുസ്തകം അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗം പുനഃപ്രസിദ്ധീകരിക്കുകയോ, ഡൂപ്ലിക്കേറ്റ് ചെയ്യുകയോ, പ്രസിദ്ധീകരിക്കുകയോ, വിതരണം ചെയ്യുകയോ, ചൂഷണം ചെയ്യുകയോ ചെയ്യുവാൻ പാടില്ല. ഈ പുസ്തകത്തിന്റെ യാതൊരു ഭാഗവും ഏതെങ്കിലും രൂപത്തിലും, യാന്ത്രികമോ ഇലക്ട്രോണിക്കോ ആയ ഏതെങ്കിലും മാർഗ്ഗത്തിൽ കൂടിയും, *i Watch*-ന്റെ മുൻകൂട്ടിയുള്ള അനുമതിയും എഴുത്താലുള്ള സമ്മതവും കൂടാതെ സംപ്രേഷണം ചെയ്യുകയോ അയച്ചു കൊടുക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

# ഇന്ത്യയുടെ സമൂലമായ മാറ്റം

## പ്രസക്തമായ വിദ്യാഭ്യാസവും, തൊഴിൽ പരിശീലനവും വഴി ഇന്ത്യയിലെ ജനസഹസ്രങ്ങളെ ശാക്തീകരിച്ചുകൊണ്ട്

1. **ഇത് ഒരു പുസ്തകമാണ്, മാസികയല്ല.** അനായാസം വായിക്കുന്നതിന് ഒരു മാസികയുടെ തോന്നൽ നൽകുവാൻ രൂപകല്പന ചെയ്തിരിക്കുന്നു എന്ന് മാത്രം. 200 പേജുള്ള ഒരു പുസ്തകം വായിച്ചു തീർക്കുവാൻ കുറച്ചുപേർ മാത്രമേ താല്പര്യം കാണിക്കൂ.

2. ഇന്ത്യയിലെ എംഎസ്എംഇകളിൽ ജോലിയെടുക്കുന്ന 460 മില്യൻ ജനങ്ങളെയും, **യുവജനങ്ങളുടെ,** പ്രത്യേകിച്ചും **സ്ത്രീകളുടെയും പെൺകുട്ടികളുടെയും** ശാക്തീകരണത്തിന് വേണ്ടി പ്രവർത്തിക്കുന്ന, സ്ത്രീകളെയും പുരുഷന്മാരെയും, അങ്ങനെ മൊത്തത്തിൽ ഇന്ത്യയിലെ മുഴുവൻ യുവജനങ്ങളെയും ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് ഈ പുസ്തകവും ഈ പ്രവർത്തനവും.

3. ഈ പുസ്തകത്തിന്റെ സന്ദർഭവും പ്രസക്തിയും മനസ്സിലാക്കുന്നതിന് ദയവായി **പേജ് 7** ആദ്യം വായിക്കുക. **കാരണം ഈ പരിശ്രമത്തിന്റെ കാതലും സാരാംശവും അതിലുണ്ട്.**

   ഈ പുസ്തകത്തിന്റെ പ്രധാന ഭാഗങ്ങളിലേയ്ക്ക് കടക്കുന്നതിന് മുൻപ് പേജ് 7, 8, 9, 10 എന്നിവ വായിക്കുക.


4. ഈ പുസ്തകത്തിന്റെ വികാസ പരിണാമങ്ങൾ **പേജ് 8**

5. ശ്വാശ്വത പ്രചോദനം **പേജ് 9**

6. ഒരു പൗരന്റെ പരിശ്രമങ്ങൾ **പേജ് 10**

7. ഈ പുസ്തകത്തിന്റെ ലക്ഷ്യം **പേജ് 10**

# ഉള്ളടക്കം


ഇന്ത്യയുടെ സമൂലമായ മാറ്റം 1
ഉള്ളടക്കം 2
ആമുഖം 4
സമഗ്ര വളർച്ചയ്ക്കുള്ള മൂലമന്ത്രം: 6
സുസ്ഥിരമായ സാമ്പത്തിക വളർച്ച 7
ഈ പുസ്തകത്തിന്റെ വികാസ പരിണാമങ്ങൾ 8
ശ്വാശ്വത പ്രചോദനം 9
ഒരു പൗരന്റെ പരിശ്രമം & ഈ പുസ്തകത്തിന്റെ ലക്ഷ്യം 10
നിങ്ങൾക്കുവേണ്ടി ഞങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയും ? 11
*i Watch* ശ്രദ്ധ കേന്ദ്രീകരിച്ച മേഖലകൾ 12
*i Watchh* നോട് പൗരന്മാർ പ്രതികരിക്കുന്നു 14
*i Watch*-നെപ്പറ്റി 16
*i Watch* ആദർശങ്ങൾ, ദൗത്യം, ലക്ഷ്യങ്ങൾ 18


## Section 1 Governenance


ഒരുപക്ഷെ നിങ്ങൾക്ക് പരിചയമില്ലാത്ത ഇന്ത്യ 19
ഇന്ത്യയുടെ സമൂല മാറ്റത്തിന് വേണ്ടിയുള്ള കാര്യപരിപാടി 21
സാമ്പത്തികവും വ്യാവസായികവുമായ പരിവർത്തനങ്ങൾ 23
സദ്ഭരണവും ഭരണനിർവ്വഹണവും ഇന്ത്യയിൽ 24
ഇന്ത്യ എന്ന രാജ്യം 25
നല്ല ഭരണം 26
പൂജ്യം അഴിമതി (സീറോ കറപ്പ്ഷൻ) 27
ലോക ഔന്നത്യത്തിന് കഠിന പ്രയത്നം ആവശ്യമാണ് 28
സദ്ഭരണത്തിന് പരിഹാര നിർദ്ദേശങ്ങൾ 30
ലോകോത്തര കർമ്മ ശേഷി എങ്ങനെ കൈവരിക്കാം 31
ലോക നോതാക്കളോട് നമ്മൾ ചോദിക്കേണ്ട 3 ചോദ്യങ്ങൾ 33


## Section 2 - Education & Human resource development


1947 നു ശേഷമുള്ള മൂന്ന് രാജ്യങ്ങളുടെ കഥ- ജർമ്മനി, ഇന്ത്യ, ജപ്പാൻ 34
വിദ്യാഭ്യാസത്തിന്റെ പ്രധാന്യം 35
ഏത് ഇന്ത്യൻ ഭാഷയും 40-60 മണിക്കൂറിൽ എഴുതാനും വായിക്കാനും പഠിക്കൂ 36
വൊക്കേഷണൽ എജ്യൂക്കേഷനും ട്രെയിനിംഗുംമാണ് യഥാർത്ഥ വിജയി 37
ഇഎസ്ഡി നിശ്ചയമായും ക്ലാസ്സ് 5 മുതൽ തുടങ്ങണം 39
ഇന്ത്യയുടെ എജ്യുക്കേഷൻ മാട്രിക്സ് 41
വിദ്യാഭ്യാസത്തിലെ ലൈസൻസ് രാജ് പോകണം 42
ഇന്ത്യയെ ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും
ഒരു അന്താരാഷ്ട്ര കേന്ദ്രമാക്കുക 43
ഇന്ത്യയെ ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥ ആക്കുക 44
ഈ ജനസംഖ്യാ ബോംബ് ഡിഫ്യൂസ് ചെയ്യണം 47
വിദ്യാഭ്യാസം ജനസംഖ്യയെ സമതുലിതമാക്കും 48
വിചിത്ര സത്യം ... ഇന്ത്യയിൽ 300 മില്യൻ ആളുകൾ 49
യുവജനങ്ങളെ ശാക്തീകരിക്കുവാൻ മൂന്ന് നിർദ്ദേശങ്ങൾ 51
യൂത്ത് കൗൺസലിംഗ് - ഞാൻ ആരാണ് ? 52

## Section 3 - Economy & Enterprise


പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം 56
യഥാർത്ഥ ഇന്ത്യയും പ്രവാസി ഇന്ത്യയും 57
ദാരിദ്ര്യ രേഖയും ബന്ധപ്പെട്ട സ്ഥിതി വിവരങ്ങളും 58
ലോകവിപണിയ്ക്കുവേണ്ടി എങ്ങനെ ആസൂത്രണം ചെയ്യണം 59
MSMEകൾ ഏതു സമ്പദ്ഘടനയുടെയും നട്ടെല്ല് 61
ഇന്ത്യ ഒരു അന്താരാഷ്ട്ര സിരാ കേന്ദ്രമാകണം 63
ഇന്ത്യൻ സമ്പദ്ഘടനയുടെ ജിഡിപി വിശകലനം 65
എനിയ്ക്ക് ഒപ്പമെത്താൻ കഴിയുമോ 66
ലോകം, യുഎസ്എ, ബ്രിക്, ഇയു-ഏഷ്യ 67


## Section 4 - Employment Generation


തൊഴിൽ സൃഷ്ടിക്കുന്നതിനും സുസ്ഥിരമായ ഒരു സമ്പദ്വ്യവസ്ഥയ്ക്കും 68
എച്ച്ആർഡി തൊഴിൽ സാദ്ധ്യതയും തൊഴിൽ ഇല്ലായ്മയും 69
ഇന്ത്യയുടെ എംപ്ലോയ്മെന്റ് മാട്രിക്സ് 70
തൊഴിൽ സൃഷ്ടി & എംഎസ്എംഇകൾ വഴി 72
എംഎസ്എംഇകളുടെ വിഭാഗങ്ങൾ 73
തൊഴിൽ സൃഷ്ടി-VET വഴി 75
VET കോഴ്സുകളുടെ വർഗ്ഗീകരണം 76
വൊക്കേഷണൽ എജ്യൂക്കേഷനും ട്രെയിനിംഗും നടപ്പാക്കൽ 79
വിദ്യാഭ്യാസത്തിന്റെയും VET-യുടെയും മേഖലകളിൽ ഉപയോഗിച്ച നിർവ്വചനങ്ങൾ 82
ചൈന ഒറ്റനോട്ടത്തിൽ 83
ജർമ്മനി ഒറ്റനോട്ടത്തിൽ 84
യുഎസ്എ ഒറ്റനോട്ടത്തിൽ 85
ഇന്ത്യ ഒറ്റനോട്ടത്തിൽ 86
ഇന്ത്യയുടെ തൊഴിൽ ഉല്പാദനക്ഷമത 87
നമ്മുടെ മനുഷ്യ വിഭവശേഷിയുടെ പ്രസക്തമായ
വിദ്യാഭ്യാസവും പരിശീലനവും 88
കൃഷി: ഇന്ത്യയുടെ നേട്ടം 90


## പൊതുവിഭാഗം


പൊതു വിവരങ്ങൾ 91
റഫറൻസുകൾ 92
*i-Watch* നാഷണൽ കമ്മിറ്റികളിൽ 93
ഈ പുസ്തകത്തിൽ ഉപയോഗിച്ചിട്ടുള്ള സംക്ഷേപങ്ങൾ 94
*i-Watch* പ്രസിദ്ധീകരണങ്ങൾ 13 ഭാഷകളിൽ ലഭ്യമാണ് 95
ജിഡിപി വളർച്ച നിരക്ക് പ്രതിവർഷം 10% മുതൽ 15% വരെ
ആക്കുന്നതിനുള്ള പ്രവർത്തന പദ്ധതി 96
2014 -15 ലേയ്ക്ക് പ്ലാൻ ചെയ്തിട്ടുള്ള *i-Watch* പ്രോജക്റ്റുകൾ 97
സ്പോൺസർമാർ 98
*i Watch* ൽ നിന്നുമുള്ള സിഎസ്ആർ പ്രോജക്റ്റുകൾ 100
ഗ്രന്ഥകർത്താവിനെ പറ്റി 101
അഴിമതിക്കും കള്ളപ്പണത്തിനും എതിരെ നിർദ്ദേശിക്കുന്ന
ഒറ്റ പോയിന്റ് ആക്ഷൻ പ്ലാൻ 102

# ആമുഖം

ഈ സമർപ്പണം ചേർത്തിരിക്കുന്നത് ഇന്ത്യയുടെ പൌരന്മാർക്ക്, അതായത് രാഷ്ട്രീയക്കാർ, കർഷകർ, ഉദ്യോഗസ്ഥർ, തൊഴിൽ ചെയ്യുന്നവർ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പണ്ഡിതർ, വ്യവസായികൾ, വീട്ടമ്മാർ, എഞ്ചിനീയർമാർ, ഡോക്ടർമാർ, അഭിഭാഷകർ, വിദഗ്ദ്ധർ, NRI കൾ, PIOകൾ ഇന്ത്യയിലെ യുവജനങ്ങൾ എന്നിവർക്ക് പ്രയോജനപ്പെടുന്നതിന് വേണ്ടിയാണ്.

**ഇതൊരു പുസ്തകമാണ്**, അല്ലാതെ, ആനുകാലിക പ്രസിദ്ധീകരണമല്ല. ഇതിന് ക്ലേശമില്ലാതെ വായിക്കാവുന്ന എളുപ്പവും, ഹൃദ്യവുമായ ശൈലിയാണുള്ളത്. മിക്കലേഖനങ്ങളും ഒന്നോ, രണ്ടോ പേജിലാണുള്ളത്. വളരെക്കുറച്ച് ലേഖനങ്ങൾ മൂന്ന് പേജുകളിലാണ്.

ആവശ്യമുള്ള സ്ഥലത്തെല്ലാം, തികച്ചും അത്യാവശ്യമായവ മാത്രം ചേർത്തും, അനാവശ്യമായ ഭാഗങ്ങൾ വിട്ടുകളഞ്ഞും, അതിനു പകരം ലളിതമായ രേഖാ ചിത്രങ്ങൾ ചേർത്തും വിവരണങ്ങൾ കുറച്ചിട്ടുണ്ട്.

ഈ പുസ്തകത്തിലുള്ള വസ്തുതകൾ നാല് ഭാഗങ്ങളാക്കി വിഭജിച്ചിട്ടുണ്ട്. ഓരോ പേജിന്റെയും അടിവശത്ത് ലേഖനത്തിന്റെ വിഭാഗ സൂചനയുണ്ട്. പ്രതിപാദ്യങ്ങൾ തമ്മിലുള്ള ബന്ധം, പ്രസക്തമായ സ്ഥലങ്ങളിൽ എടുത്തുകാട്ടിയിട്ടുണ്ട്.

**സെക്ഷൻ 1 : സദ്ഭരണത്തെ** പറ്റിയുള്ള ലേഖനങ്ങൾ.

**സെക്ഷൻ 2 :** വിദ്യാഭ്യാസത്തെയും, **മനുഷ്യശേഷിയേയും പറ്റിയുള്ള ലേഖനങ്ങൾ.**

**സെക്ഷൻ 3 : സമ്പദ് വ്യവസ്ഥ, സംരംഭങ്ങൾ** എന്നിവയുടെ തെരഞ്ഞെടുത്ത ഭാഗങ്ങളെ പറ്റിയുള്ള ലേഖനങ്ങൾ.

**സെക്ഷൻ 4 : തൊഴിൽ ഉൽപാദന** മേഖലയെപറ്റിയുള്ള ലേഖനങ്ങൾ.

ഈ പുസ്തകം 8ാം ക്ലാസുവരെയോ, അതിന് മേലെയോ പഠിച്ചിട്ടുള്ളവരെ ഉദ്ദേശിച്ചുള്ളതാണ്.

7 ശതമാനത്തോളം ഇന്ത്യക്കാർക്ക് മാത്രമെ ഇംഗ്ലീഷ് ശരിക്ക് മനസ്സിലാവുകയുള്ളു, എന്നതു കൊണ്ട്, ഈ പുസ്തകം, മറാത്തി, ഗുജറാത്തി, ഉർദു, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട, മലയാളം, ഒറിയ, ബങ്കാളി, അസമീസ്, പഞ്ചാബി എന്നീ മുഖ്യ ഇന്ത്യൻ ഭാഷകളിലും ലഭിക്കുന്നു.

പറ്റുന്നിടത്തെല്ലാം, കിട്ടാവുന്നിടത്തോളം നിലവിലുള്ള വിവരങ്ങൾ ചേർത്ത്, ഇവിടെ കൊടുത്തിരിക്കുന്ന വസ്തുതകൾ കാലോചിതമാക്കിയിട്ടുണ്ട്.

ഈ പേജുകളിലെ ഉള്ളടക്കം ഇതെഴുതിയ അതേ ഭാവത്തോടെ ഉൾക്കൊള്ളുകയും, പരിഗണിക്കുകയും, **ഇന്ത്യൻ ജനതക്കുവേണ്ടി** ചിന്തയും പ്രവൃത്തിയും ഏകീകരിക്കുകയും ചെയ്യണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഇത് ഒരു ഉദ്ബോധനമല്ല, വസ്തുതകൾ നിരത്തി വയ്ക്കലാണ്. ഇന്ത്യയിലെ ജനങ്ങൾക്ക് പ്രയോജനപ്പെടണമെന്ന ഏക ഉദ്ദേശ്യത്തോടുകൂടി രാജ്യത്തിനകത്ത് ബോധവത്കരണവും പ്രവർത്തനവും പ്രോത്സാഹിക്കുകയാണ് ലക്ഷ്യം.

ഓരോ കുറിപ്പും ഒറ്റക്ക് നിൽക്കുന്നതാണ്. അവയിൽ ഏതൊന്ന്, എപ്പോൾ വേണമെങ്കിലും എടുത്ത് വായിക്കാവുന്നതാണ്.

ഇന്ത്യയിലെ ജനതക്ക് ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്ന വിധത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട അതിപ്രധാനമായ അഞ്ച് മേഖലകൾ ഏത് എന്ന ഒരു നിർദ്ദിഷ്ട ചോദ്യം എന്നോട് നിങ്ങൾ ചോദിച്ചാൽ, വിദ്യാഭ്യാസം, വിദ്യാഭ്യാസം, വിദ്യാഭ്യാസം, സദ്ഭരണം, പ്രാഥമിക ആരോഗ്യ സംരക്ഷണം എന്നായിരിക്കും ഞാൻ പറയുക.

ഇവയിൽ **ഒന്നാമത്തെതായ വിദ്യാഭ്യാസം**, പ്രായോഗിക സാക്ഷരതയും, പ്രീപ്രൈമറി, പ്രൈമറി/സെക്കൻഡറി (ഹൈ സ്കൂൾ) വിദ്യാഭ്യാസ്യസവുമാണ്. ''റൈറ്റ് ടു എജുക്കേഷൻ ബിൽ'' (വിദ്യാഭ്യാസ അവകാശം ബില്ല്) 2005ൽ മാത്രമാണ് പാർലമെന്റിൽ അവതരിപ്പിച്ചത്. 2009-ൽ ഇത് പാസ്സാക്കിയെടുത്തു. ദൈവത്തിന് സ്തുതി! സ്വാതന്ത്ര്യം കിട്ടി 63 വർഷത്തിനു ശേഷമെങ്കിലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞില്ലേ.

**രണ്ടാമത്തെ വിദ്യാഭ്യാസം** വൊക്കേഷണൽ എജുക്കേഷനും ട്രെയിനിംഗും VET നൈപുണ്യ വികസനവും ആണ്. VET യുടെ പ്രാധാന്യം അവസാനം പ്രധാനമന്ത്രിയുടെ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ യുവജനങ്ങളെ ശാക്തീകരണവും ട്രെയിനിംഗും വഴി ഉൽപാദനക്ഷമമായ തൊഴിലിലേയ്ക്ക് ഉയർത്തുന്നതിന് രൂപരേഖ തയ്യാറാക്കുവാൻ 2006 നവംബറിൽ ഒരു ടാസ്ക്ഫോഴ്സിനെ അദ്ദേഹം നിയമിച്ചു.

2009-ൽ 11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി **നാഷണൽ സ്ക്കിൽസ് കൗൺസിൽ, നാഷണൽ സ്ക്കിൽസ് ഡവലപ്മെന്റ്**

**കോർപ്പറേഷൻ** എന്നിവ സ്ഥാപിതമായി. കൂടതലായി 1,500 ITI / ITCകളും 50,000 സ്ക്കിൽ സെന്ററുകളും ഗവണ്മെന്റ് ഓഫ് ഇന്ത്യ 11-ാം പദ്ധതിയിൽ പ്ലാൻ ചെയ്തിട്ടുണ്ട്. നിലവിലുള്ള 5,500 ITIകൾ ആധുനികവത്കരിക്കുന്ന പ്രവർത്തനവും ഊർജ്ജിതമായി നടന്നുവരുന്നു.

**മൂന്നാമത്തെ വിദ്യാഭ്യാസം**, മെഡിക്കൽ, ഹയർ (ഉന്നത), ടെക്നിക്കൽ വിദ്യാഭ്യാസം പൂർണമായി നിയന്ത്രണ, ചട്ട വിമുക്തമാക്കുന്നതിന് നിലകൊള്ളുന്നു. ഇതുവഴി മാത്രമെ നവീകരണവും, പ്രാഗത്ഭ്യവും ഊർജിതമാവുകയുള്ളു.

നമുക്ക്, സ്റ്റീൽ, സിമന്റ്, കാറ്, സ്കൂട്ടർ മുതലായവയക്ക് സംവരണമുണ്ടായിരുന്നു. കൂടുതൽ ശേഷിയും സ്വതന്ത്ര വിപണിയും മാത്രമാണ്, വില, ഗുണം ലഭ്യത എന്നീ പ്രശ്നങ്ങൾക്ക് പരിഹാരം. എല്ലാത്തരം വിദ്യാഭ്യാസത്തിലുമുള്ള **''ലൈസൻസ് രാജ്''**, പ്രത്യേകിച്ചും ഉപരി മെഡിക്കൽ, ടെക്നിക്കൽ വിദ്യാഭ്യാസത്തിൽ പോയേ തീരൂ!

വിദ്യാഭ്യാസം, ഒരു സംരംഭം എന്ന നിലയിൽ, ഐ.ടി., സോഫ്ട്‌വെയർ എന്നിവയെക്കാൾ നാലിരട്ടിയോളം വലുതാണ്. അതുകൊണ്ട്തന്നെ, ഐടി, സോഫ്ട്‌വെയർ എന്നിവയെക്കാൾ വളരെ വലിയ തൊഴിൽ ഉൽപാദന രംഗമാണ് വിദ്യാഭ്യാസം.

വായനക്കാർ പ്രാഥമിക ആരോഗ്യ സംരക്ഷണത്തെപറ്റിയുള്ള വിവരങ്ങൾക്കും, പ്രശ്ന നിവാരണത്തിനും മറ്റെവിടെയെങ്കിലും നോക്കേണ്ടതായി വരുന്നു.

സദ്ഭരണത്തിന്റെ മികവ് പ്രദർശിപ്പിക്കുന്നത് ദുർഭരണത്തെയും അതിന്റെ ദോഷഫലങ്ങളെയും അക്കമിട്ട് നിരത്തിക്കൊണ്ടാണ്. ആനുകാലിക വിദ്യാഭ്യാസം നൽകി സമ്മതിദായകരെ ശാക്തികരിക്കുന്നതുവരെ ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ സദ്ഭരണം എന്നത് പ്രയാസമുള്ള കാര്യമാണ്. ഇതാണ് പ്രസക്തമായ വിദ്യാഭ്യാസത്തിൽ ഊന്നൽ കൊടുക്കുവാനുള്ള കാരണം.

സൂക്ഷ്മവും, ചെറുതും, ഇടത്തരവുമായ സംരംഭങ്ങളുടെ **(MSMEs)** പ്രാപ്തി അംഗീകരിക്കാൻ നമ്മുടെ രാജയത്തിന് **59** വർഷത്തെ സ്വാതന്ത്ര്യവും, വളരെയധികം ചർച്ചകളും/വാദങ്ങളും വേണ്ടിവന്നു. **MSME**കൾക്കുള്ള ബില്ല് പാസ്സായത് 2006ൽ മാത്രമാണ്. മിക്കവാറും നമ്മുടെ GDP യുടെ 80% ഇവിടെയാണ്.

ഇന്ത്യയുൾപ്പെടെ ലോകത്തുള്ള സംഘടനകളുടെ 99.7% **MSME** കളാണ്. ഇതാണ് ഏതൊരു രാജ്യത്തിന്റെയും ഊർജ്ജസ്ത്രോസ്സും ഹൃദയമിടിപ്പും. പ്രവർത്തനക്ഷമതയുള്ള 509 ദശലക്ഷം ജനങ്ങളിൽ 6% മാത്രം സംഘടിത വിഭാഗവും, ബാക്കി 480 ദശലക്ഷം അഥവാ 94% അസംഘടിത വിഭാഗവുമാണ്. മൊത്തം **MSME** കളുടെ എണ്ണം100 മില്യൻ വരും. ഇതിൽ 80% കൃഷിയിലും തോട്ട കൃഷിയിലുമാണ്. ബാക്കി 20% സേവന, നിർമ്മാണ മേഖലകളിലും.

തൊഴിൽ സൃഷ്ടിക്കുന്നതിൽ വൊക്കേഷണൽ എജുക്കേഷൻ ആൻഡ് ട്രെയിനിംഗിന്റെയും (VET) **MSME** കളുടെയും പ്രാധാന്യം എടുത്തുകാണിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പുതിയ CII - BCG - പ്രഫ. C.K. പ്രഹ്ളാദ് പ്രോജക്റ്റ് ആയ India@75 പ്രകാരം, 2022 ആകുമ്പോഴേക്കും ഇന്ത്യക്ക് ലോകനിലവാരമുള്ള 500 മില്യൺ വിദഗ്ധ തൊഴിലാളികളെയും 200 മില്യൺ ബിരുദധാരികളെയും ആവശ്യമുണ്ട്.

ഈ പുസ്തകത്തിന്റെ പരിണാമ ചരിത്രം നാടകീയമായിരിക്കുന്നു. ദയവുചെയ്ത് വിശദ വിവരങ്ങൾക്കായി പേജ് 8 നോക്കുക.

**മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കും.** നിങ്ങൾ, വായനക്കാരാണ്. അത് നന്മക്കോ, തിന്മക്കോ എന്ന് തീരുമാനിക്കേണ്ടത് !

കൃഷൻ ഖന്ന
മുംബയ്, ഇന്ത്യ
ജനവരി 2014

**ഡിസ്ക്ലെയ്മർ**

ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ കഴിഞ്ഞ 20 വർഷങ്ങളിൽ, ഇന്ത്യക്കകത്തും പുറത്തുമുള്ള വിവിധ സ്രോതസ്സുളിൽ നിന്നും ശേഖരിച്ചിവയാണ്.

*i Watch* ഇതിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ സൂക്ഷ്മതയെക്കുറിച്ച് നിയമപരമായ ഉത്തരവാദിത്വം ഏറ്റെടുക്കുന്നില്ല.

ഈ പുസ്തകത്തിൽ നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിക്ഷേപ, വാണിജ്യ സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നതിന് ഞങ്ങൾ ശുപാർശ ചെയ്യുന്നില്ല.

മിക്ക വിവര സങ്കേതങ്ങളും, പരാമർശങ്ങളും 92ാം പേജിൽ വിശദമായി ചേർത്തിട്ടുണ്ട്

92ാം പേജിൽ കൊടുത്തിരിക്കുന്ന ഏറ്റവും പുതിയ കണക്കുകളും വിവരങ്ങളും അറിയാൻ ഇപ്പോഴത്തെ വെബ്സൈറ്റിലും, പുസ്തകങ്ങളിലും നോക്കണമെന്ന് വായനക്കാരെ നിർദ്ദേശിക്കുന്നു.

**ബഹുമാന്യരായ ഇന്ത്യൻ പൗരന്മാർക്ക്,**

പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും

ജനവരി, 2014

# സമഗ്ര വളർച്ചയ്ക്കുള്ള മൂലമന്ത്രം: മനുഷ്യ വിഭവശേഷിയിൽ *ശ്രദ്ധ കേന്ദ്രീകരിക്കുക*

സുഹൃത്തുക്കളേ,

കുടുംബത്തിന്റെ സാമ്പത്തിക സഹായത്തിൽ പ്രവർത്തിക്കുന്ന, 21 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ഒരു സർക്കാരിതര സന്നദ്ധ സംഘടന (എൻജിഒ) ആണ് ഞങ്ങൾ. സദ്ഭരണം, വിദ്യാഭ്യാസം, സമ്പദ്ഘടന, തൊഴിലവസരങ്ങൾ എന്നീ മേഖലകളിലാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. **ട്രാൻസ്ഫോമിംഗ് ഇന്ത്യ** എന്ന പേരിലുള്ള എന്റെ പുസ്തകം www.wakeupcall.org എന്ന വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാം. ജർമ്മനിയിലും ജപ്പാനിലും 6 വർഷം പ്രവർത്തിക്കുവാനുള്ള സൗഭാഗ്യം എനിയ്ക്ക് ലഭിച്ചിട്ടുണ്ട്. ഈ രണ്ട് രാജ്യങ്ങളും രണ്ടാം ലോക മഹായുദ്ധത്തിൽ തകർന്ന് തരിപ്പണമാക്കപ്പെട്ടു. എങ്കിലും അവ ഉയർത്തെഴുന്നേറ്റ് ഇന്ന് ലോകത്തെ രണ്ടാമത്തെയും മൂന്നാമത്തെയും ഏറ്റവും വലിയ സമ്പദ് വ്യവസ്ഥകളായി മാറിയിരിക്കുകയാണ്. കൽക്കരി, എണ്ണ, വാതകം എന്നീ രൂപങ്ങളിലുള്ള ഊർജ്ജ സ്രോതസ്സുകളോ ഖനി സമ്പത്തോ ഇല്ലാതെ ആണ് അവർ ഇത് സാധിച്ചിട്ടുള്ളത്. ഇന്ത്യയുടെ വെറും 12% വലിപ്പം മാത്രമേ അവയ്ക്കുള്ളൂ. എന്നാൽ **ഉയർന്ന ഗുണമേന്മയുള്ള മനുഷ്യ വിഭവശേഷികൾ** അവർക്കുണ്ട് ! അതാണ് അവരുടെ വിജയ രഹസ്യം. ചൈന, ദക്ഷിണ കൊറിയ, തയ്‌വാൻ, ഹോങ്കോങ്, സിങ്കപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളുടെ വിജയത്തിന്റെ അടിസ്ഥാനവും ഇതു തന്നെ.

31 വർഷം ബിസിനസ്സിലും 20 വർഷം സാമൂഹ്യരംഗത്തും ഉള്ള എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒരു കാര്യം വിനീതമായി പറയട്ടെ, നമ്മുടെ സർക്കാരുകൾ ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്, എന്നാൽ താഴെ പറയുന്ന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ അവർക്ക് വളരെ കൂടുതൽ ചെയ്യുവാൻ കഴിയും:

1. **കേന്ദ്ര ഗവണ്മെന്റിന്റെ എല്ലാ വെബ്സൈറ്റുകളും ഇന്ത്യയിലെ 12 പ്രധാന ഭാഷകളിലാക്കുക.** ഇംഗ്ലീഷ് മാദ്ധ്യമത്തേക്കാൾ 20 ഇരട്ടി വലിപ്പമുള്ളതാണ് പ്രാദേശിക മാദ്ധ്യമങ്ങൾ. അപ്പോൾ കൂടുതൽ ആളുകൾക്ക് സർക്കാരിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുവാൻ സാധിക്കും (ഇന്ത്യയിൽ 7% ആളുകൾക്ക് മാത്രമേ ഇംഗ്ലീഷ് പരിജ്ഞാനം ഉള്ളു. ഞങ്ങളുടെ എൻജിഒ 12 ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു). ന്യൂ ഡൽഹിയിലെ റാഫി മാർഗ്ഗിലുള്ള ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റിയുടെ (ഐഎൻഎസ്) ഹാൻഡ് ബുക്ക് ഇതിനെ പറ്റി നിങ്ങൾക്ക് കൂടുതൽ വിവരങ്ങ ൾനൽകും. ഗൂഗിൾ, ഓറക്കിൾ, മൈക്രോസോഫ്റ്റ് എന്നിവ പോലും 9 മുതൽ 15 വരെ ഇന്ത്യൻ ഭാഷകൾ കൈകാര്യം ചെയ്യുന്നുണ്ട്. ഇന്ത്യൻ ഭരണഘടന 22 ഭാഷകൾക്ക് പിന്തുണ നൽകുന്നു.
2. **പ്രീ-പ്രൈമറി, പ്രൈമറി - സെക്കണ്ടറി വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.** 65 വർഷത്തെ സ്വാതന്ത്ര്യത്തിന് ശേഷം 65% ഇന്ത്യക്കാർ ഇന്നും നിരക്ഷരരാണ് (ഞങ്ങളുടെ മതിപ്പ് കണക്ക്. ദയവായി യുഎൻഡിപി കണക്കുകൾ നോക്കുക.) ആളുകൾക്ക് എഴുതാനും വായിക്കാനും അറിയില്ലെങ്കിൽ ദാരിദ്ര്യ നിർമ്മാർജ്ജനം അസാദ്ധ്യമാണ് ! ഏകദേശം 6-7 വയസ്സാകുമ്പോഴേയ്ക്കും മനുഷ്യമസ്തിഷ്കത്തിന്റെ 90% വികാസവും കഴിഞ്ഞിരിക്കും. അതുകൊണ്ട് പ്രീ-പ്രൈമറി വിദ്യാഭ്യാസം അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നു.
3. **സംരംഭക നൈപുണ്യ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക:** ഇയു-വിൽ ഈ പരിപാടിഒന്നാം ക്ലാസ്സ് മുതൽ ആരംഭിക്കുന്നു. ഇന്ത്യയിൽ ഇത് 8-ാം ക്ലാസ്സ് മുതലോ ഹയർ സെക്കണ്ടറി സ്കൂൾ മുതലോ തുടങ്ങണം. നിങ്ങൾ സ്വയം തൊഴിൽ ചെയ്യുകയാണെങ്കിലും മറ്റൊരാളുടെ കീഴിൽ ജോലി ചെയ്യുകയാണെങ്കിലും ഈ ഗുണം വളരെ പ്രധാനമാണ്. **ഇന്ത്യയിൽ 58% ആളുകളും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. സംരംഭക നൈപുണ്യ വികസനം വഴി പഠനത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ സാമൂഹ്യശേഷികളും വൈകാരിക ശേഷികളും മെച്ചപ്പെടുന്നു.**
4. **സ്കിൽസ് (നൈപുണ്യങ്ങൾ), വൊക്കേഷണൽ ട്രെയിനിംഗ്, എംപ്ലോയ്മെന്റ് ജനറേഷൻ പദ്ധതികൾ** എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. ഇന്ത്യയിൽ (ജനസംഖ്യ 1210 മില്യൻ) 9500 വിഇടി (വൊക്കേഷണൽ എഡ്യൂക്കേഷൻ & ട്രെയിനിംഗ്) കേന്ദ്രങ്ങൾ ഉണ്ട്. സ്വിറ്റ്സർലാണ്ടിൽ (ജനസംഖ്യ 8 മില്യൻ) 6000 വിഇടി കൾ ഉണ്ട്. ജർമ്മനിയിൽ (ജനസംഖ്യ 82 മില്യൻ) 100,000; ജപ്പാനിൽ (ജനസംഖ്യ 129 മില്യൻ) 1,50,000; ചൈനയിൽ (ജനസംഖ്യ 1350 മില്യൻ) 500,000 എന്നിങ്ങനെയാണ് മറ്റു രാജ്യങ്ങളിലെ കണക്ക്. 1831 ൽ മെക്കോളെ പ്രഭു ഇന്ത്യയിലെ ഗുരുകുല കേന്ദ്രങ്ങൾ പാടേ അടപ്പിച്ചതിനെ തുടർന്ന് ഇന്ത്യയിൽ നൈപുണ്യ വികസനത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ഉള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് ദാരിദ്ര്യമാണ്. വിഇടി ആളുകളുടെ സാമൂഹ്യ ശേഷികളും വൈകാരിക ശേഷികളും (എസ്ക്യൂ & ഇക്യൂ) മെച്ചപ്പെടുവാൻ സഹായിക്കും.
5. **നാഷണൽ നോളജ് കമ്മീഷനിലെ സാം പിട്രോഡയുടെ ശുപാർശകൾ നടപ്പിലാക്കുക.** സാങ്കേതിക മെഡിക്കൽ, കാർഷിക മേഖലകളിലെ എല്ലാത്തരം ഉപരിവിദ്യാഭ്യാസത്തെയും പറ്റി എൻകെസി ശ്രദ്ധേയമായ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്, ഇവ അതേ പടി നടപ്പാക്കണം. ലോക റാങ്കിംഗിലെ ആദ്യത്തെ 250 സ്ഥാപനങ്ങളിൽ ഇന്ന് ഇന്ത്യയിലെ കോളേജുകളും യൂണിവേഴ്സിറ്റികളും ഇടം പിടിക്കുന്നില്ല. ഇന്നത്തെ പോക്ക് ഇനിയും തുടർന്നാൽ ലോകത്തെ ആദ്യത്തെ 500 യൂണിവേഴ്സിറ്റികളിലും ഇന്ത്യക്ക് ഇടം കാണില്ല. മത്സരവും സ്വതന്ത്ര വിപണിയും മാത്രമേ നവീകരിക്കുവാനും ഗവേഷണങ്ങൾ നടത്തുവാനും അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഗുണമേന്മ മെച്ചപ്പെടുത്തുവാനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രേരണയും പ്രോത്സാഹനവും നൽകുകയുള്ളൂ. വിദ്യയുടെ ദേവതയായ സരസ്വതിയെ ചങ്ങലയ്ക്കിട്ടിരിക്കുകയാണ്. അവരെ മോചിപ്പിക്കേണ്ടിയിരിക്കുന്നു.
6. **എഡ്യൂക്കേഷൻ ടെക്നോളജീസ്, വൊക്കേഷണൽ ട്രെയിനിംഗ്, എന്റർപ്രൈസ് സ്കിൽസ്** എന്നീ മേഖലകളിൽ *i Watch* പരിഹാരങ്ങൾ നിർദ്ദേശിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിന് ചെലവ് കുറഞ്ഞതും ഹൈ-ടെക്ക് ആയതും ആയ ഇന്ത്യൻ വികസിത ടെക്നോളജികൾ ഞങ്ങൾ നൽകുന്നു (@ ₹ 100 ഓരോ വിദ്യാർത്ഥിക്കും). എല്ലാത്തരം വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ഉള്ള ഇന്റർ ആക്റ്റീവ് ഡിസ്റ്റൻസ് എഡ്യൂക്കേഷന് (@ ₹ 2 ഒരു മണിക്കൂർ വൺ-ടു-വൺ മെന്ററിംഗ്). എന്റർപ്രൈസ് സ്കിൽസ് ഡവലപ്മെന്റ്സ്, വൊക്കേഷണൽ ട്രെയിനിംഗ് എന്നിവയിലെ പരിഹാരങ്ങൾക്ക്, വിശദ വിവരങ്ങൾക്ക് ഞങ്ങളുടെ സിഎസ്ആർ നോട്ട് കാണുക.

*കൃഷ്ണ ഖന്ന*
*ചെയർമാൻ & ഫൗണ്ടർ*

*Best way to contact us is always on our email at krishan@vsnl.com Mumbai contact +91-9821140756*

# പ്രസക്തമായ വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത പരിശീലനവും വഴി സുസ്ഥിരമായ സാമ്പത്തിക വളർച്ച

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ പ്രമേയം എക്കാലവും പിന്തുടരേണ്ട ഒന്നാണ്.

നമ്മുടെ സമ്പദ്ഘടനയുടെ സുസ്ഥിരമായ വളർച്ചയ്ക്കു വേണ്ടി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വഴി നേടുന്ന **മനുഷ്യ വിഭവ ശേഷിയുടെ വികസനം, പ്രസക്തമായ വിദ്യാഭ്യാസം, നൈപുണ്യ വികസനം**, എന്നിവയുടെ പ്രാധാന്യം താഴെ പറയുന്ന രണ്ട് ഉദാഹരണങ്ങൾ ബലപ്പെടുത്തുമെന്ന് പ്രത്യാശിക്കുന്നു.

ഒക്ടോബർ 2007 ൽ, ദക്ഷിണ കൊറിയയിലെ വിദ്യാഭ്യാസ മന്ത്രാലയം 'വൊക്കേഷണൽ എഡ്യൂക്കേഷൻ & ട്രെയിനിംഗ് (VET) ഫോർ ഡവലപ്പിംഗ് കൺട്രീസ് എന്ന വിഷയത്തെ പറ്റിയുള്ള ഒരു സെമിനാറിൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ എന്നെ ക്ഷണിക്കുകയുണ്ടായി.

50 രാജ്യങ്ങളിൽ നിന്നുമായി ഏകദേശം 1200 വിദ്യാഭ്യാസ വിദഗ്ദ്ധർ പങ്കെടുക്കുന്ന ഗ്ലോബൽ എച്ച് ആർ ഫോറത്തിന്റെ ഭാഗമായിട്ടായിരുന്നു ഇത്. ഐഐടി മദ്രാസ് ഡയറക്റ്റർ പ്രൊഫസർ ആനന്ദ് മാത്രമായിരുന്നു ഈ ഫോറത്തിൽ പങ്കെടുക്കുന്ന മറ്റൊരു ഇന്ത്യക്കാരൻ.

ദക്ഷിണ കൊറിയയിലെ ഡപ്യൂട്ടി പ്രൈം മിനിസ്റ്റർ ആണ് ഈ ഗ്ലോബൽ ഫോറം ഉദ്ഘാടനം ചെയ്തത്. ഏകദേശം 50 വർഷം മുമ്പ് ദക്ഷിണ കൊറിയയിലെ ജനങ്ങളും ഇന്ത്യക്കാരെപ്പോലെ ദരിദ്രരായിരുന്നു.

ഇരുമ്പ്, കൽക്കരി, വാതക രൂപത്തിലുള്ള ഊർജ്ജം, എണ്ണ, മറ്റു ഹൈഡ്രോ കാർബണുകൾ തുടങ്ങിയവ, ദക്ഷിണ കൊറിയയിലെ പോലെ തന്നെ, ഇല്ലാത്ത (എന്നാൽ ഇന്ത്യയെ പോലെയല്ല) ജപ്പാനിലേയ്ക്കും ജർമ്മനിയിലേയ്ക്കുമാണ് അവർ ഉറ്റു നോക്കിയത്. രണ്ടാം ലോക മഹായുദ്ധത്തിലെ വൻ തകർച്ചയ്ക്ക് ശേഷം ഈ രണ്ട് രാജ്യങ്ങളും അതിവേഗം പുരോഗമിക്കുകയായിരുന്നു.

വൊക്കേഷണൽ ട്രെയിനിംഗ് വഴിയുള്ള **നൈപുണ്യ വികസനവും പ്രസക്തമായ വിദ്യാഭ്യാസവും** ആണ് ഇതിന് പ്രധാന കാരണമെന്ന് ദക്ഷിണ കൊറിയ തിരിച്ചറിഞ്ഞു.

ഭരണ തലത്തിൽ ഒരു ഡെപ്യൂട്ടി പ്രൈം മിനിസ്റ്ററുടെ തസ്തിക ദക്ഷിണ കൊറിയ സൃഷ്ടിച്ചു. മനുഷ്യ വിഭവശേഷി വികസനം, വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവയായിരുന്നു അദ്ദേഹത്തിന്റെ **പ്രധാന ചുമതലകൾ.**

ഇന്ന്, 50 വർഷങ്ങൾക്ക് ശേഷം ഒരു ശരാശരി ദക്ഷിണ കൊറിയക്കാരന്റെ വാർഷിക വരുമാനം ഏകദേശം യുഎസ് $ 23,823 ആണ്. അതേ സമയം ഒരു ഇന്ത്യക്കാരന്റെ ശരാശരി വരുമാനം വെറും യുഎസ് $ 1,530 മാത്രവും ആണ്.

ഇതിൽ ഇന്ത്യയിലുള്ള നമുക്ക് എന്തെങ്കിലും സന്ദേശം അടങ്ങിയിട്ടുണ്ടോ? നമുക്ക് കൂടുതൽ കാലികമായ 2-ാമത്തെ ഉദാഹരണം കൂടി നോക്കാം.

2022 ആകുമ്പോൾ ഒരു രാഷ്ട്രം എന്ന നിലയിൽ നമ്മൾ എവിടെ ആയിരിക്കണം? അതായത് ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ ദിനത്തിൽ അഥവാ ഇന്ത്യ@75? കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) ലോക പ്രശസ്ത മാനേജ്മെന്റ് ഗുരു ആയ **പ്രൊ.സി.കെ. പ്രഹ്ളാദിനൊപ്പം** ഇന്ത്യ@75 പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. **സിഐഐ** യുടെ 74 നാഷണൽ കമ്മിറ്റികളിൽ **എഡ്യൂക്കേഷൻ, സ്കിൽസ് & എച്ച് ആർ, യൂത്ത്** എന്നീ രണ്ട് വിഷയങ്ങളെ പറ്റിയുള്ള കമ്മിറ്റികൾ പ്രധാനമായും പ്രവർത്തിക്കുന്നത് ഈ ലക്ഷ്യം ലാക്കാക്കിയാണ്.

ജനങ്ങളെ, പ്രത്യേകിച്ചും ഇന്ത്യയിലെ യുവജനങ്ങളെ, വിദ്യാഭ്യാസവും നൈപുണ്യ വികസനവും തൊഴിൽ അധിഷ്ഠിത പരിശീലനവും വഴി ശാക്തീകരിച്ചാൽ മാത്രമേ 2022 ആകുമ്പോൾ ഒരു രാഷ്ട്രമെന്ന നിലയിൽ നമ്മുക്ക് നമ്മളുടെ പ്രധാന ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ കഴിയൂ എന്ന കാര്യത്തിൽ പ്രൊ. പ്രഹ്ളാദ് അടിയുറച്ച് വിശ്വസിച്ചു.

2002 ആകുമ്പോഴേയ്ക്കും വിവിധ നൈപുണ്യ മേഖലകളിലായി 500 മില്യൻ സ്കിൽഡ് ആളുകളെയും വിവിധ മണ്ഡലങ്ങളിലായി 200 മില്യൻ ഗ്രാഡുവേറ്റുകളെയും സൃഷ്ടിക്കുവാൻ ആണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ഇന്ത്യയിൽ വിദ്യാഭ്യാസം, സമ്പദ്ഘടന, സദ്ഭരണം, പ്രസക്തമായ വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത പരിശീലനവും വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നീ വിഷയങ്ങളെ പറ്റി കൂടുതൽ വിവരങ്ങൾ www.wakeupcall.orgൽ ലഭ്യമാണ് അല്ലെങ്കിൽ **ട്രാൻസ്ഫോമിംഗ് ഇന്ത്യ** എന്ന ഞങ്ങളുടെ പുസ്തകത്തിൽ ലഭ്യമാണ്.

# ഈ പുസ്തകത്തിന്റെ വികാസ പരിണാമങ്ങൾ

1993 ൽ 4 പേജ് ഉള്ള ഒരു ലഘു പുസ്തകമായാണ് ഇത് ഞങ്ങൾ തുടങ്ങിയത്.

1997 ൽ ഈ പുസ്തകം 8 പേജ് ആയി വളർന്നു. 10 ഇന്ത്യൻ ഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തു.

1999 ൽ ഇത് 16 പേജ് ആയി വിപുലപ്പെടുത്തി. 2001 ൽ 24 പേജ്, 2002 ൽ 28 പേജ്, 2004 ൽ 32 പേജ്, 2005 ൽ 36 പേജ്, 2006 ൽ 48 പേജ്, ജനുവരി 2007 ൽ 56 പേജ് എന്നിങ്ങനെ ഇത് അനുക്രമമായി വളർന്നു.

2008 ൽ ജൂലൈയിൽ ഈ പുസ്തകം 88 പേജ് ആയി വിപുലപ്പെടുത്തി. ജനുവരി 2009 ൽ 92 പേജ് ആയും ഒക്ടോബർ 2009 ൽ 96 പേജ് ആയും വീണ്ടും വളർന്നു.

ഫെബ്രുവരി 2011 ൽ ഈ പുസ്തകം 100 പേജ് തികച്ചു.

ഫെബ്രുവരി 2012 പതിപ്പ് 102 പേജ് ആയിരുന്നു. ജനുവരി 2014ലെ ഇപ്പോഴത്തെ പതിപ്പ് 104 പേജ് ആയി വിപുലപ്പെടുത്തിയിട്ടുണ്ട്.

**'ട്രാൻസ്ഫോമിംഗ് ഇന്ത്യ'** എന്ന പേരിലുള്ള ഈ പുസ്തകം ഇംഗ്ലീഷിലും 12 ഇന്ത്യൻ ഭാഷകളിലും അതായത് അസ്സാമീസ്, ബംഗാളി, ഗുജറാത്തി, ഹിന്ദി, കന്നട, മലയാളം, മറാത്തി, ഒറിയ, പഞ്ചാബി, തമിഴ്, തെലുഗു, ഉറുദു എന്നീ ഭാഷകളിലും ലഭ്യമാണ്.

ഈ പുസ്തകത്തിന്റെ എല്ലാ പതിപ്പിലും ഊന്നൽ നൽകിയിട്ടുള്ളത് താഴെ പറയുന്ന 4 മേഖലകൾക്കാണ് :

1. **സദ്ഭരണം.....** ............................................................. *ഇന്ത്യ 1-ാമത്.*

2. **വിദ്യാഭ്യാസം, മനുഷ്യവിഭവശേഷി വികസനം....** ........ *വിദ്യാഭ്യാസം 1-ാമത്.*

3. **സമ്പദ് ഘടന, സംരംഭകത്വം...** .................................... *സമ്പദ് ഘടന 1-ാമത്.*

4. **തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ....** ............................ *തൊഴിൽ 1-ാമത്.*

*i Wach*-ന് നാല് വിഭാഗങ്ങളാണ് ഉള്ളത്, അതായത് മുകളിൽ പറഞ്ഞ പോലെ *ഇന്ത്യ 1-ാമത്*, *വിദ്യാഭ്യാസം 1-ാമത്*, *സമ്പദ് ഘടന 1-ാമത്*, *തൊഴിൽ 1-ാമത്* എന്നിവ. ആദ്യത്തെ 3 വിഷയങ്ങളിൽ യഥാക്രമം 10, 12, 9 ലേഖനങ്ങൾ ആണ് ഉള്ളത്. നാലാമത്തെ വിഷയത്തിൽ 16 ലേഖനങ്ങൾ ഉണ്ട്. പുറമേ ആകെ 47 കുറിപ്പുകളും നിരീക്ഷണങ്ങളും ഇതിലുണ്ട്.

വായനക്കാരനെ സഹായിക്കുന്നതിന് വേണ്ടി, ഓരോ പേജിന്റെയും അടിയിൽ ഈ 4 വിഭാഗങ്ങളിൽ ഒന്നിലായി പ്രസ്തുത ലേഖനത്തിന്റെ വർഗ്ഗീകരണവും സൂചിപ്പിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ 4 വിഷയങ്ങളിലും ഒതുങ്ങാത്തവ **ജനറൽ** കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.



# ശാശ്വത പ്രചോദനം

## നോബൽ സമ്മാന ജേതാവ് - രവീന്ദ്രനാഥ ടാഗൂർ

**രബീന്ദ്രനാഥ ടാഗൂറിന്റെ ഈ വാക്കുകൾ ഏറ്റവും നന്നായി വിവരിക്കുന്ന തരത്തിലുള്ള ഒരു രാഷ്ട്രമാകാൻ ഇന്ത്യയ്ക്ക് കഴിയും.**

*എവിടെയാണോ മനസ്സിൽ ഭയം തീണ്ടാത്തത്, ശിരസ്സ് ഉയർന്നു നിൽക്കുന്നത്;*

*എവിടെയാണോ അറിവിന് അതിരുകളില്ലാത്തത്;*

*എവിടെയാണോ ഇടുങ്ങിയ ആഭ്യന്തരമതിലുകൾ ലോകത്തെ തുണ്ടംതുണ്ടമായി വിഭജിക്കാത്തത്;*

*എവിടെയാണോ വാക്കുകൾ സത്യത്തിന്റെ ആഴങ്ങളിൽനിന്നും പിറവിയെടുക്കുന്നത്;*

*എവിടെയാണോ അക്ഷീണപരിശ്രമം പൂർണതയിലേയ്ക്ക് കൈനീട്ടുന്നത്;*

*എവിടെയാണോ യുക്തിബോധത്തിന്റെ തെളിനീരരുവികൾ മൃതശീലങ്ങളുടെ മരുഭൂമികളിൽ വഴിതെറ്റിയൊഴുകി വറ്റാത്തത്;*

*എവിടെയാണോ മനസ്സ് എന്നും വിശാലത കൈവരിക്കുന്ന ചിന്തയിലേക്കും പ്രവൃത്തിയിലേയ്ക്കും*

*അങ്ങയാൽ നയിക്കപ്പെടുന്നത്, സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗ്ഗത്തിലേയ്ക്ക്, പിതാവേ എന്റെ രാഷ്ട്രത്തെ ഉണർത്തിയാലും.''*

*ഉറവിടം: ഗീതാഞ്ജലി, പദ്യം XXXV.*

# ഒരു പൗരന്റെ പരിശ്രമം

പ്രസക്തമായ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, മനുഷ്യ ശാക്തീകരണം എന്നിവ വഴി **ഇന്ത്യയെ മാറ്റിയെടുക്കുന്നതിന്** (ട്രാൻസ്ഫോമിംഗ് ഇന്ത്യ) ആവശ്യമായ ആക്കവും ഗതിവേഗവും നൽകുന്നതിന് ഒരു പൗരന്റെ, ഒരു ഐഐടി എൻജിനീയറുടെ വിനീതമായ പരിശ്രമം.

നമുക്ക് എല്ലാവർക്കും ഒരു കർത്തവ്യമുണ്ട്, പലരും അത് മനസ്സിലാക്കുന്നു. ധാരാളം പേർ അത് മനസ്സിലാക്കുന്നില്ല.

എന്തിലാണ് നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് എന്ന് മനസ്സിലാക്കുന്നതാണ് ഏറ്റവും പ്രധാനം.

ബാക്കിയെല്ലാം അതിന് പുറകേ വന്നു കൊള്ളും.............................................................................................................

ജനങ്ങൾക്കിടയിൽ ഉദ്ബുദ്ധത സൃഷ്ടിക്കുക എന്ന ദൗത്യമുള്ള, രാഷ്ട്രീയത്തിനും മതത്തിനും വിഭാഗീയ ചിന്തകൾക്കും അതീതമായിട്ടുള്ള ഒരു പരിശ്രമം. അതിലൂടെ മാത്രമേ ഇന്ത്യയിലെ ജനങ്ങളിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകൾ മനസ്സിലാക്കുവാൻ കഴിയുകയുള്ളു. അതാണ് നമുക്ക് കഴിയാതെ പോയത്. അതു തന്നെയാണ് ഈ പുസ്തകത്തിന്റെ പ്രാധാന്യം.

നമ്മൾ ചിന്തിക്കുന്നതിനേക്കാൾ വളരെ ഏറെ ആണ് ഇന്ത്യയുടെ സാദ്ധ്യതകൾ.

**ഈ ശ്രമം ഒരു ചെറിയ വിത്ത് മാത്രമാണ്. ഒട്ടേറെ കരങ്ങൾ ഒന്നിച്ച് ചേർന്ന് ഇതിനെ വളർത്തും. അതിൽ ഒന്ന് നിങ്ങളുടേതായിരിക്കും.**

# ഈ പുസ്തകത്തിന്റെ ലക്ഷ്യം

100% പ്രാവർത്തിക സാക്ഷരതയുടെയും തൊഴിലധിഷ്ഠിത വിദ്യാഭാസത്തിന്റെയും പരിശീലനത്തിന്റെയും രൂപത്തിൽ പ്രസക്തമായ വിദ്യാഭ്യാസം ലഭ്യമാക്കുകയും പ്രീ-പ്രൈമറി, പ്രൈമറി, സെക്കണ്ടറി വിദ്യാഭ്യാസം, ഉപരി വിദ്യാഭ്യാസം, മെഡിക്കൽ, ടെക്നിക്കൽ വിദ്യാഭ്യാസം എന്നിവയ്ക്ക് ഇപ്പോൾ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പല ഇരട്ടി വികസിപ്പിക്കുകയും, മുമ്പ് ഉണ്ടായിരുന്ന പോലെ ഇന്ത്യയെ വിദ്യാഭ്യാസത്തിന്റെ ഒരു അന്താരാഷ്ട്ര കേന്ദ്രമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് നമ്മൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി.

കഴിയുന്നത്ര വേഗം പ്രസക്തമായ വിദ്യാഭ്യാസവും പരിശീലനവും വഴി ഇന്ത്യയിലെ യുവജനങ്ങളെ ശാക്തീകരിക്കേണ്ടതുണ്ട്.

ഒരു ഇന്ത്യാക്കാരന്റെ ശരാശരി പ്രായം 26 വയസ്സ് മാത്രമാണ്.

**പെൺകുട്ടികളുടെയും സ്ത്രീകളുടെയും വിദ്യാഭ്യാസവും ശാക്തീകരണവും ആണ്** ഏറ്റവും അധികം മുൻഗണന അർഹിക്കുന്നത്.

# നിങ്ങൾക്കുവേണ്ടി ഞങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയും ?

താഴെ പറയുന്ന മേഖലകളിൽ ഞങ്ങൾക്ക് നിങ്ങളെ സഹായിക്കുവാൻ കഴിയും:

## 1. പ്രസിദ്ധീകരണങ്ങൾ

ഈ പുസ്തകത്തിനു പുറമേ 95-ാം പേജിൽ കൊടുത്തിട്ടുള്ള മറ്റു **പ്രസിദ്ധീകരണങ്ങളുടെ പട്ടികയും** ദയവായി കാണുക. 104 പേജുള്ള ഈ പുസ്തകത്തിന്റെ പുറംചട്ടയുടെ അകഭാഗത്ത് കൊടുത്തിട്ടുള്ളതു പോലെ ഹിന്ദി, ഉർദു, പഞ്ചാബി, അസ്സാമീസ്, ബംഗാളി, ഒറിയ, ഗുജറാത്തി, മറാത്തി, തമിഴ്, തെലുഗു, കന്നട, മലയാളം എന്നീ **12 ഇന്ത്യ ഭാഷകളിൽ** ഈ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യൻ ജനതയുടെ 7% മാത്രമേ ഇംഗ്ലീഷ് മനസ്സിലാക്കുകയുള്ളു.

## 2. ഇന്ററാക്റ്റീവ് വർക്ക്ഷോപ്പുകൾ

ഈ പുസ്തകത്തിന്റെ പേജ് 91-ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ പരസ്പരം സന്ദേശ വിനിമയം സാദ്ധ്യമാക്കുന്ന ഇന്ററാക്റ്റീവ് വർക്ക് ഷോപ്പുകൾ താഴെ പറയുന്ന വിഷയങ്ങളിൽ ഞങ്ങൾ നടത്തുന്നുണ്ട്: ഇന്ത്യയ്ക്ക് യോജിച്ച **നിർമ്മാണ ഉല്പാദന നയം**, ഇന്ത്യക്ക് യോജിച്ച **വിദ്യാഭ്യാസ നയം, ആഗോളീകരണവും** + 10% നിരക്കിൽ ഇന്ത്യയുടെ വളർച്ചയും, **സദ്ഭരണം** - അത് എങ്ങനെ പൗരന്മാർക്ക് ഗുണം ചെയ്യുന്നു, ഓരോ വർഷവും 10 മില്യൻ ആളുകൾക്ക് **തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ**, കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം എങ്ങനെ പണമുണ്ടാക്കാം, വിദ്യാഭ്യാസം വഴി **ഇന്ത്യയുടെ സമൂല മാറ്റം.**

## 3. അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും യുവാക്കളുടെയും മനസ്ഥിതിയിലും കാഴ്ച്ചപ്പാടിലും മാറ്റം വരുത്തൽ

പേജ് 97-ൽ വിശദീകരിച്ചിട്ടുള്ള പ്രോജക്റ്റുകൾ 1 ഉം 2 ഉം കാണുക. പ്രോജക്റ്റുകൾ വിശദീകരിക്കുന്നതിന് പുറമേ ഈ പ്രോജക്റ്റുകളുടെ ഗുണഫലങ്ങളും വ്യക്തമാക്കിയിട്ടുണ്ട്.

## 4. പ്രസക്തമായ ഡാറ്റകൾ ലഭ്യമാക്കൽ

ദയവായി ഞങ്ങളുടെ വെബ്സൈറ്റ് www.wakeupcall.org കാണുക. ഐറ്റം 1-ൽ പറഞ്ഞിട്ടുള്ള പ്രസിദ്ധീകരണങ്ങളും പേജ് 92-ൽ വിശദീകരിച്ചിട്ടുള്ള റഫറൻസുകളും കാണുക. വായനക്കാർക്കു വേണ്ടി പ്രസക്തമായ ഒട്ടേറെ സ്ഥിതിവിവരക്കണക്കുകൾ ഞങ്ങൾ ചുഴിഞ്ഞെടുത്ത്, എളുപ്പം വായിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുന്ന തരത്തിൽ നൽകിയിട്ടുണ്ട്. ഓരോ വർഷവും കഴിയുന്നത്ര വിവരങ്ങൾ പുതുക്കുന്നുമുണ്ട്.

## 5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ, പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ

ഇന്ത്യയിലെ ചില വലിയ സ്ഥാപനങ്ങളുമായി ഞങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം കൂടി ഇന്ത്യയിൽ ഓരോ വർഷവും ധാരാളം പേർക്ക് തൊഴിൽ പരിശീലനം നൽകുന്നു. അവരുടെ **വിജ്ഞാന (നോളജ്) പങ്കാളികളാണ്** ഞങ്ങൾ. ടെക്നോളജിയുടെ ഉപയോഗം യഥാർത്ഥ ട്രെയിനിംഗ് സെന്ററുകളുടെ ഉപയോഗം, ഓരോ പ്രദേശത്തെയും ബിസിനസ്സുകളും വ്യവസായങ്ങളുമായി ട്രെയിനിംഗ് കേന്ദ്രങ്ങളെ ഏകോപിപ്പിക്കൽ, യഥാർത്ഥ പരിശീലനത്തിനു വേണ്ടി പരിചയ സമ്പന്നരായ പരിശീലകരെയും ഗുരുക്കൻമാരെയും ലഭ്യമാക്കൽ, പരിശീലനം നൽകിയ ശേഷം പരീക്ഷകൾ നടത്തലും, സർട്ടിഫിക്കറ്റുകൾ ഏർപ്പാടു ചെയ്യലും, ട്രെയിനിംഗിന് മുമ്പ് കൗൺസലിംഗും ട്രെയിനിംഗിനു ശേഷം ജോലിയും കിട്ടാൻ ഏർപ്പാട് ചെയ്യൽ എന്നിവ വഴി ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും ഡിസ്ട്രിക്റ്റുകളിലും ഞങ്ങൾ യുവാക്കൾക്ക് ഒട്ടേറെ വിലപ്പെട്ട സേവനങ്ങൾ നൽകി വരുന്നു. കൃഷി, നിർമ്മാണ വ്യവസായങ്ങൾ, സേവനങ്ങൾ, തുടങ്ങിയ മേഖലകളിൽ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും കേന്ദ്രങ്ങൾ തുടങ്ങി വിഇടി കോഴ്സുകൾ തുടങ്ങുന്നതിലാണ് ഞങ്ങൾ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിശദ വിവരങ്ങൾ ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

# *i Watch* ശ്രദ്ധ കേന്ദ്രീകരിച്ച മേഖലകൾ

## വിദ്യാഭ്യാസം

**ഞങ്ങൾ ഈ വിഷയത്തിൽ പ്രവർത്തിക്കുന്നതെന്തു കൊണ്ടെന്നാൽ...**

1. കെജി ക്ലാസു മുതൽ 10+2 വരെ പഠനം വിട്ടുപോകുന്നവർ 87% മുതൽ 93% വരെയാണ്
2. ''ലൈസൻസ് രാജ്'' - ഉന്നത, സാങ്കേതിക വിദ്യാഭ്യാസം എന്നിവയിലെ വളർച്ച, ആർ & ഡി, ഗുണം കഴിവ്, എന്നിവയിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നു.
3. ആവശ്യത്തിന് സീറ്റുകളും, വിദ്യാഭ്യാസത്തിന് ഗുണ മേന്മയും ഇല്ലാത്തതു കാരണം, ഇന്ത്യൻ വിദ്യാർത്ഥി കൾ ഇന്ത്യ വിട്ട് വിദേശ സർവ്വകലാശാലകളിൽ പ്രവേശിക്കുന്നതിനാൽ വർഷം തോറും 10 മുതൽ 12 ബില്യൺ യുഎസ് ഡോളർ എന്ന കണക്കിൽ പണം വിദേശത്തേക്കൊഴുകുകയാണ്. ഈ തുക കൊണ്ട് പ്രതിവർഷം 50 IIMകളും, 30 IITകളും പണിയുന്നതിന് ഉതകും! ഓരോ വർഷവും 1,53,000 വിദ്യാർത്ഥികൾ പഠനത്തിന് വിദേശത്തേക്ക് പോകുന്നുണ്ടെന്ന് കണക്കാക്കിയിരിക്കുന്നു. 50% രണ്ട് വർഷത്തെ മാസ്റ്റേഴ്സ് കോഴ്സിനും, ബാക്കി 50% നാലു വർഷ അണ്ടർ ഗ്രാജ്വേറ്റ് കോഴ്സിനുമാണ് ചേരുന്നത്.
4. ഗവണ്മെന്റിന്റെ കണക്കനുസരിച്ച്, പ്രയോഗിക സാക്ഷരത ഏകദേശം 67% ആണ് എന്നാൽ ഇതിന് വിപരീതമായി, പ്രതീക്ഷിക്കുന്നതും ഏകദേശം 33% ആയിരിക്കും എന്നാണ്. എന്നാൽ ചൈന 93%ത്തോടടുക്കുകയാണ്.
5. നൈപുണ്യ വികസനം അപര്യാപ്തമാണ്. ആവശ്യ മുള്ള തൊഴിൽ സേനയുടെ 0.5% ആണ് ഒരു നിശ്ചിത സമയത്ത് പരിശീലനം നേടുന്നത്. എന്നാൽ ആവശ്യ മുള്ളത് ചൈനയിലും, മറ്റ് വികസിത രാജ്യങ്ങളിലും എന്നപോലെ 7% മുതൽ 10% വരെയാണ്.
6. ഇന്ത്യക്ക് 27,000 വിദേശ വിദ്യാർത്ഥികളുള്ളപ്പോൾ ആസ്ത്രേലിയക്ക് 400,000 വിദേശ വിദ്യാർത്ഥിക ളാണുള്ളത്
7. ഇന്ത്യയിൽ 1.7 ദശലക്ഷം സ്കൂളുകളുള്ളപ്പോൾ ചൈനയിൽ 2.5 ദശലക്ഷമാണുള്ളത്.
8. ഇന്ത്യയിൽ 563 സർവകലാശാലകളുള്ളപ്പോൾ ചൈനയിൽ 1100 ആണ് ഉള്ളത്.
9. പ്രീ-പ്രൈമറിയ്ക്ക് പ്രാധാന്യം നൽകുന്നില്ല. മനുഷ്യ ബുദ്ധി വികാസത്തിന്റെ 90% സംഭവിക്കുന്നത് 1 വയസ്സിനും 6 വയസ്സിനും ഇടയ്ക്ക് ആണ്.

## ഭരണം

**ഞങ്ങൾ ഈ വിഷയത്തിൽ പ്രവർത്തിക്കുന്നത് എന്തുകൊണ്ടെന്നാൽ...**

1. ഇന്ത്യയിലെ 35 സംസ്ഥാനങ്ങളും യു.ടി.കളും ഭരണ നിർവഹണത്തിനായി ദിവസേന 3.600 കോടി രൂപ അഥവാ 0.72 ബില്യൺ യു.എസ് ഡോളർ ചെലവഴിക്കുന്നു. പൗരന്മാർക്ക് സന്തോഷമാണോ?
2. എന്തുകൊണ്ടാണ് ഇന്ത്യയിലേക്കുള്ള വിദേശ വാർഷിക നിക്ഷേപം കൂടിയാൽ 121 ബില്യൺ യ.എസ്. ഡോളർ മാത്രവും, ചൈനയിലേക്കും ഹോങ്ങ്കോങ്ങിലേക്കും കൂടി വർഷത്തിൽ 1920 ബില്യൺ യുഎസ് ഡോളർ എന്ന നിരക്കിലുമാകുന്നത്?
3. ഓരോ വർഷവും ഇന്ത്യയിലേക്ക് 6 ദശലക്ഷം വിനോദ സഞ്ചാരികൾ വരുമ്പോൾ ചൈനയിലേക്ക് പ്രതിവർഷം 80 ദശലക്ഷം ?
4. ലോക വ്യാപാരം 2.2% മാത്രമാകുമ്പോൾ ചൈനക്ക് അത് 8.0% ആണ്.
5. ചൈനയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിലെ കാർഷിക ഉൽപാദനം 40% ആണ്.
6. ആയുർദൈർഘ്യം 67 വർഷമാകുമ്പോൾ ചൈനയിൽ 74 വയസ്സാണ്.
7. പ്രേഷണത്തിനും, മറ്റുമായി ഇലക്ട്രിസിറ്റി ബോർഡിന് വൈദ്യുതിയുടെ നഷ്ടം ഇന്ത്യയിൽ 25% മുതൽ 50% വരെയാകുമ്പോൾ, ചൈനയിൽ 6% മുതൽ 8% വരെയാണ്.
8. വിദേശ നാണയ വിനിമയ കരുതൽ ഇന്ത്യയിൽ 295 ബില്യൺ (203 ലക്ഷം കോടി) യുഎസ് ഡോളറും ചൈനയിൽ 2199 ബില്യൺ യുഎസ് ഡോളർ.
9. എച്ച്ഐവി ബാധിതർ: ഇന്ത്യയിൽ 5 ദശലക്ഷം ചൈനയിൽ 0.85 ദശലക്ഷം.
10. കൃഷിയിടങ്ങളുടെ നടത്തിപ്പിലുള്ള അപര്യാപ്തതകൾ മൂലം, പഴങ്ങളുടെയും പച്ചക്കറികളുടെയും 40% നശിക്കുന്നു.
11. ഇന്ത്യക്ക് ധാരാളം മഴ ലഭിക്കുന്നുണ്ടെങ്കിലും, ജല നിയന്ത്രണത്തിലുള്ള അപര്യാപ്തതമൂലം നമുക്ക് വെള്ളപ്പൊക്കവും, വരൾച്ചയുമാണ് അനുഭവം.

## സമ്പദ്ഘടന

**ഞങ്ങൾ ഈ വിഷയത്തിന്മേൽ പ്രവർത്തിക്കുന്നത് എന്തുകൊണ്ടെന്നാൽ...**

1. ഇന്നത്തെ ആഗോള സമ്പദ് ഘടനയിൽ, ഇന്ത്യൻ സംഘടനകളെ പരിധിവിട്ടു കളിക്കാൻ, തൊഴിൽ നിയമങ്ങൾ അനുവദിക്കുന്നില്ല.
2. തൊഴിൽ സാദ്ധ്യതകൾ ഞെരുങ്ങുന്നത് നാം തൊഴിലിലല്ല, മൂലധനത്തിൽ അധിഷ്ഠിതമായ വ്യവസായത്തിൽ നോട്ടമിട്ടിരിക്കുന്നതിനാലാണ്.
3. ലോക GDP യുടെ 2.6% മാത്രമാണ് ഇന്ത്യക്കുള്ളത്. ജനസംഖ്യ 17%വർദ്ധിച്ചതിനാൽ ആവശ്യം കൂടുതലും വാങ്ങുന്നതിനുള്ള കഴിവ് കുറവുമാണ്. കയറ്റുമതിയാണ് പോംവഴി. വേഗത്തിൽ വളരുക

<1 ബില്ലിയൻ = 1000 മില്ലിയൻ> <1മില്ലിയൻ = 10 ലക്ഷം> <1 കോടി = 100 ലക്ഷം = 10 മില്ലിയൻ> <1 US$ = രൂ. 60 (അപ്രാക്സ്)>

എന്ന SEZ കളുടെ ആവശ്യത്തിന് 66 വർഷങ്ങളായിട്ടും ഊന്നൽ കൽകിയിട്ടില്ല.

4. 1.210 ദശലക്ഷം ജനങ്ങൾക്ക് ജീവിത സൗകര്യങ്ങൾ അപര്യാപ്തമാണ്. വളരെ കാര്യങ്ങൾ പറയുന്നുണ്ടെങ്കിൽ ഒന്നും ചെയ്യുന്നില്ല.
5. ലോക വാണിജ്യത്തിനുവേണ്ടി പർച്ചേസിങ്ങ് പവർ പാരിറ്റി (PPP) പ്രയോജനകരമാക്കുകയാണു ഇന്ത്യക്കാവശ്യം.
6. I.T. യും സോഫ്ട്വെയറും ഇന്ത്യൻ സമ്പദ്ഘടനയുടെ 5% വും, ലോകസമ്പദ് ഘടനയുടെ 3% വും മാത്രമാണ്. ലോകസമ്പദ് ഘടനയുടെ ബാക്കി 97% ഇന്ത്യ നോക്കിക്കാണണം. ലോകനിലവാരത്തിലേയ്ക്ക് വളരണം.
7. MSME കളുടെ പ്രയോജനം മുഴുവനായും മനസ്സിലായിട്ടില്ല. ഇപ്പോഴത്തെ നിർവചനം EU, USA, ജപ്പാൻ, ചൈന മുതലായ രാഷ്ട്രങ്ങളിലുള്ളതുപോലെ ആഗോള നിലവാരമനുസരിച്ചുള്ളതല്ല. ഇത് ഇന്ത്യയ്ക്ക് ദോഷകരമാണ് കാരണം, ലോകത്തിലുള്ള സംഘടനകളിൽ 99.7%വും MSMEകൾ ആണ് ഇന്ത്യയുടെ GDPയുടെ 5% മാത്രമാണ് SSI കൾ എന്നിരിക്കെ MSME കൾ 80% മുതൽ 85%ത്തിനടുത്തുവരെ നിൽക്കും. വ്യവസായ മന്ത്രാലയം വ്യവസായത്തിൽനിന്നും, സമ്പദ് ഘടനയിലേക്ക് ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു.

# തൊഴിൽ സൃഷ്ടിക്കൽ

**ഞങ്ങൾ ഈ വിഷയത്തിൽ പ്രവർത്തിക്കുന്ന തെന്തുകൊണ്ടെന്നാൽ...**

1. ഇന്ത്യക്ക് 43 ദശലക്ഷം റജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരും 18 മുതൽ 50 വയസ്സുവരെ പ്രായമുള്ളവരിൽ മറ്റൊരു 260 ദശലക്ഷം തൊഴിൽ രഹിതരും ഉണ്ട്.
2. ഒരു ഇന്ത്യക്കാരന്റെ ശരാശരി വയസ്സ് 26 വർഷത്തിനു താഴെയാണ്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ, ചൈനക്കാരുടെ 34 വർഷവും, യൂറോപ്യൻ, അമേരിക്കൻ, ജപ്പാനീസ് എന്നീ ജനങ്ങളുടെ ശരാശരി വയസ്സ് 40 മുതൽ 45 വർഷം വരെയുമാണ്. ഇന്ത്യ വളരെയധികം യുവ ജനങ്ങളുള്ള രാജ്യമാണ്. നാം നമ്മുടെ ജനങ്ങൾക്ക് പരിശീലനം നൽകുകയാണെങ്കിൽ വളരെയധികം ഇന്ത്യൻ യുവ ജനങ്ങളെ നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ് !
3. ചൈന GDP യുടെ 2.5% ത്തോളം 3000 തൊഴിലുകളിൽ, 50,000 VET കേന്ദ്രങ്ങളിൽ നടത്തുന്ന വൊക്കേഷണൽ എജുക്കേഷൻ ആന്റ് ട്രൈനിങ്ങ് (VET)നു വേണ്ടി ചിലവാക്കുന്നു. ഇന്ത്യ 400 തൊഴിലുകളിൽ 8500 കേന്ദ്രങ്ങളിൽ VETനു വേണ്ടി കഷ്ടിച്ച് GDPയുടെ 0.1% മാത്രമാണ് ചിലവാക്കുന്നത്. VETനു വേണ്ടിയുള്ള യഥാർത്ഥ ചിലവ് ഇതിൽ കൂടുതലാണെങ്കിലും കണക്കുകൾ ലഭ്യമല്ല.
4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം (വൊക്കേഷണൽ എജുക്കേഷൻ) സാധാരണ വിദ്യാഭ്യാസത്തെയും, അറിവ് വർദ്ധനയെയും അപേക്ഷിച്ച്, ജോലിയും സാമ്പത്തികാഭിവൃദ്ധിയുമായി നേരിട്ടു ബന്ധപ്പെട്ടതാണ്. 15 വയസ്സിനു മേലെയുള്ള 80%ത്തോളം യുവ ജനങ്ങൾ സാധാരണ കോളേജുകളിലെ B.A., B.Sc., B.Com എന്നിവ തെരഞ്ഞെടുക്കാതെ, VET. എടുക്കു കയാണെങ്കിൽ, VETകൊണ്ടുള്ള പ്രയോജനം സാധാരണക്കാർക്കും, വൈദഗ്ദ്ധ്യവും പരിശീലനവും നേടിയവരെ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്കും ലഭിക്കുകയും അതുവഴി രാഷ്ട്രത്തിന് ആഗോളതലത്തിൽ കിടപിടിക്കാൻ പ്രയോജനപ്പെടുകയും ചെയ്യും.
5. ലോക വിപണിയിൽ പരിശീലനം സിദ്ധിച്ച യുവജനങ്ങളെ ലഭ്യമാക്കുന്നതിൽ ജന സംഖ്യാ ഗണനത്തിന്റെ പങ്ക് ഭാവിയിൽ ഇന്ത്യക്കാർ VET ഉപയോഗിച്ച് പിടിച്ചെടുക്കണം.
6. ഇപ്പോൾ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 490 ദശലക്ഷം പേരിൽ 30 ദശലക്ഷം സംഘടിത മേഖലയിലും, 460 ദശലക്ഷം അസംഘടിത മേഖലയിലും ആയി വിഭജിക്കപ്പെടാം. നമ്മെ അഭിമുഖികരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി, അസംഘടിത മേഖലയിലുള്ള 460 ദശലക്ഷം പേർക്ക് VETനൽകുക എന്നതാണ് !
7. മിക്ക MSMEകളും അസംഘടിത മേഖലയിലാണ്. MSME കൾ സമ്പദ്ഘടനയുടെ യഥാർത്ഥ ഊർജ്ജവാഹക രാണ്. MSMEകളെയും വൊക്കേഷണൽ എജുക്കേഷൻ ട്രെയ്നിങ്ങിനെയും കൂട്ടിയണക്കിയാൽ, യുവാക്കളും, പ്രാവീണ്യമുള്ളവരും, പരിശീലനം നേടിയവരും ഒത്തു ചേർന്ന് ലോകത്തിൻ ഏറ്റവും വലിയ മാനവശേഷി സങ്കേതം സൃഷ്ടിക്കാവുന്നതാണ്. ഒരു സമ്പദ് ശക്തിയെപ്പോലെ ഇത് ഇന്ത്യയെ മുന്നോട്ട് തള്ളിവിടും.
8. സ്വിസർലാണ്ടും ഓസ്ട്രിയയും പോലുള്ള രാജ്യങ്ങളിൽ 8 ദശലക്ഷം വീതം ജനസംഖ്യക്ക് 5000 VET കേന്ദ്രങ്ങൾ വീതം ഉണ്ട്! ഈ രണ്ടു രാജ്യങ്ങളും കരകൾ കൊണ്ടു ചുറ്റപ്പെട്ടതും ധാതുസമ്പത്തും ഊർജ്ജസമ്പത്തും ഇല്ലാത്തവയും ആണ്. എന്നാൽ മനുഷ്യ വിഭവശേഷിയുടെ ഉയർന്ന ഗുണമേന്മ കാരണം ഇന്ത്യയുടെ യാഥക്രമം 33%വും 23%വും GDP ഉണ്ടാക്കുന്നു.
9. ഇപ്പോൾ നിലവിലുള്ള ''അപ്രന്റീസ് നിയമം'' രാജ്യത്തിന്റെ ഇപ്പോഴത്തെ ആവശ്യങ്ങൾ കണക്കിലെടുക്കുതവയല്ല. ഈ നിയമം പൂർണ്ണമായി പൊളിച്ചെഴുതി തൊഴിലെടുക്കുന്നവരുടെ 10% അപ്രന്റീസുകളായി പരിശീലനം നേടുന്നവരും, അതേ സമയം തൊഴിൽ ചെയ്യുന്നവരുമാകണം.

<1 ബില്ലിയൻ = 1000 മില്ലിയൻ> <1മില്ലിയൻ = 10 ലക്ഷം> <1 കോടി = 100 ലക്ഷം = 10 മില്ലിയൻ> <1 US$ = രൂ. 60 (അപ്രാക്സ്)>

# പൗരന്മാർ പ്രതികരിക്കുന്നു *i Watch*

**ലഭിച്ച കത്തുകളുടെയും സന്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ,** കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഇന്ത്യൻ സംഘടനകളിൽനിന്നും വ്യക്തികളിൽനിന്നും കിട്ടിക്കൊണ്ടിരുന്ന പ്രതിഫലങ്ങളും, പ്രതികരണങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

തെരഞ്ഞെടുത്ത ചില സന്ദേശങ്ങൾ ഒരു വിവര പത്രികയാക്കിയത് ഞങ്ങളുടെ ബോംബേ ഓഫീസിൽ പരിശോധനക്ക് ലഭ്യമാണ്. ചില സന്ദേശങ്ങൾ താഴെ പേജുകളിൽ കൊടുത്തിട്ടുണ്ട്.

ചുരുക്കത്തിൽ *i Watch* സ്വീകരിച്ച തന്ത്രത്തിന്റെ അടിസ്ഥാനത്തിൽ മനോഭാവ മാറ്റത്തിലും, പ്രവർത്തന പദ്ധതികളുടെ ആവിഷ്ക്കരണത്തിലും ഞങ്ങൾ അതീവ സന്തുഷ്ടരാണ്.

• കോർപറേറ്റ് ഗവേണൻസിനെ സംബന്ധിച്ച എന്റെ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ താങ്കളുടെ പേപ്പറിൽ പ്രകടമായ യുക്തി ബോധങ്ങളിലും അറിവുകളിലും ചിലത് പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.
***എൻ.ആർ. നാരായണമൂർത്തി, ചെയർമാൻ & ചീഫ് മെന്റർ, ഇൻഫോസിസ്***

• പൗരന്മാരുടെ പ്രയോജനാർത്ഥം *i Watch* നടത്തിവരുന്ന സദ്പ്രവർത്തനങ്ങൾ ചേംബർ വിലമതിക്കുന്നു.
***പി.എൻ. മോഗ്രെ, സെക്രട്ടറി ജനറൽ, ഇൻഡ്യൻ മർച്ചന്റ്സ് ചേംബർ***

• *i Watch*-ന്റെ ദൗത്യം, ജീവിതത്തിലും ഏറ്റെടുക്കുന്ന ഏതു ജോലിയിലും പരിഷ്കരണത്തിനും മാറ്റത്തിനും വേണ്ടിയുള്ള കൂഷൻ ഖന്നയുടെ ദൗത്യം തന്നെയാണ്.
***ഡോ. പി.എസ്. റാണ, ചെയർമാൻ - മാനേജിംഗ് ഡയറക്റ്റർ, HUDCO***

• ഞങ്ങൾ 500-ലേറെ NGOകളുമായി സമ്പർക്കം പുലർത്തി വരുന്നുണ്ട്. വേറിട്ടുനിൽക്കുന്നതും നവീകരണ സ്വഭാവമുള്ളതുമായ ഒരു NGO ആണ് *i Watch* എന്നതാണ് ഞങ്ങളുടെ അനുഭവം.
***വിനയ് സോമാനി, മാനേജിംഗ് ട്രസ്റ്റി, Karmayog.com***

• ഇന്ത്യയിലെ ജനങ്ങൾക്ക് പരമാവധി പ്രയോജനം നൽകുവാൻ *i Watch*-ന്റെ ആശയങ്ങളിലും നിർദ്ദേശങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നു.
***അനുപം മിത്തൽ, പ്രസിഡന്റ് - CEO, പീപ്പിൾ ഗ്രൂപ്പ്***

• ഇന്ത്യയിൽ സമൂല പരിവർത്തനം കൊണ്ടുവരാൻ ഒരു സമഗ്രപദ്ധതിയുള്ള *i Watch*-നെ പ്പോലെയുള്ള മറ്റേതെങ്കിലും NGOയെപ്പറ്റി ഞാൻ കേട്ടിട്ടില്ല.
***മേജർ ജനറൽ ഡി.എൻ. ഖുരാന, ഡയറക്റ്റർ ജനറൽ, ആൾ ഇന്ത്യ മാനേജ്മെന്റ്, അസോസിയേഷൻ***

• ബോധവത്കരണം, പരിഹാരങ്ങളും കർമ്മപദ്ധതികളും നിർദ്ദേശിക്കൽ, വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കും ഇന്ത്യയുടെ സമൂലമാറ്റത്തിനും വേണ്ടിയുള്ള പദ്ധതികളുടെ യഥാർത്ഥ നടത്തിപ്പിൽ വിവിധ സ്റ്റെയ്ക് ഉടമകളെ സഹായിക്കലും അവരുമായി നെറ്റ്‌വർക്ക് ചെയ്യലും എന്നീ കാര്യങ്ങളിൽ *i Watch* നടത്തുന്ന ശ്രമങ്ങളെ ഞാൻ വിലമതിക്കുന്നു.
***സുഷമ ബെർലിയ, പ്രസിഡണ്ട്, എജുക്കേഷൻ പ്രൊമോഷൻ സൊസൈറ്റി ഓഫ് ഇന്ത്യ***

• ഇന്ത്യക്ക് ഉയർന്നതും നിലനിർത്താൻ കഴിയുന്നതുമായ വളർച്ച നേടുവാനുതകുന്ന ഒരു ചട്ടക്കൂട് സൃഷ്ടിക്കുവാൻ അവർ ഒരുങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. ഇതിനുവേണ്ടി ആശയഐക്യം വളർത്തിയെടുക്കുവാനും നയമാറ്റങ്ങളെ സ്വാധീനിക്കുവാനുമാണ് അവരുടെ പ്രവർത്തനങ്ങൾ. ദൂരവ്യാപകമായ ഫലം ഉണ്ടാക്കാൻ പര്യാപ്തമായ ഒരു വിശിഷ്ട തന്ത്രമാണ് ഇത്.
***രാജീവ് കുമാർ, ചീഫ് ഇകോണൊമിസ്റ്റ്, CII***

• ഇന്ത്യയിലെ ജനങ്ങളുടെ നന്മയെ ലാക്കാക്കി ആവശ്യമായ നയമാറ്റങ്ങൾ നിർദ്ദേശിക്കുവാനും സദ്ഭരണത്തിന്റെ പ്രാധാന്യത്തെയും ആവശ്യങ്ങളെയും പറ്റി ജനങ്ങളെ മനസ്സിലാക്കിക്കുവാനും *i Watch* മികച്ച പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്.
***ഡോക്ടർ ബി.പി. ധാക്ക, സെക്രട്ടറി ജനറൽ, PHDCC&I***

• വൊക്കേഷണൽ വിദ്യാഭ്യാസത്തിന്റെ 3000 വിഭാഗങ്ങളിൽ 95% യുവജനങ്ങൾക്കും വിദ്യാഭ്യാസം നൽകുകയെന്ന *i Watch*-ന്റെ പദ്ധതി ഏറ്റവും നൂതനാത്മകമാണെന്നാണ് ഒരു വിദ്യാഭ്യാസ പ്രവർത്തകനും HRD കൺസൾട്ടന്റും എന്ന നിലയിൽ എന്റെ ഉറച്ച വിശ്വാസം. നടപ്പാക്കുകയാണെങ്കിൽ ഇന്ത്യയിലെ തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു വലിയ പരിഹാരമാകും ഇത്.
***പ്രൊഫ. റുഷികുമാർ പാണ്ഡ്യ, അന്താരാഷ്ട്ര മാനേജ്മെന്റ് ഗുരു***

• ''ട്രാൻസ്ഫോമിംഗ് ഇന്ത്യ'' എന്ന പേരിലുള്ള താങ്കളുടെ പുസ്തകം ഞാൻ താല്പര്യത്തോടെ വായിച്ചു. ഈ പുസ്തകത്തിൽ അടങ്ങിയ ഉപയോഗപ്രദങ്ങളായ പഠനങ്ങൾക്കും നിർദ്ദേശങ്ങൾക്കും എന്റെ അനുമോദനങ്ങൾ അറിയിക്കുന്നു. താങ്കൾ ഉയർത്തി കാട്ടുന്ന പ്രശ്നങ്ങളും നൽകുന്ന പരിഹാരങ്ങളും വളരെ മൂല്യവത്താണെന്ന കാര്യത്തിൽ എനിയ്ക്ക് സംശയമില്ല.
***ബി.എൻ. യുഗാന്തർ, മെമ്പർ പ്ലാനിംഗ് കമ്മീഷൻ***

• സദ്ഭരണത്തെ സംബന്ധിച്ച് ''ട്രാൻസ്ഫോമിംഗ് ഇന്ത്യ'' എന്ന താങ്കളുടെ ലഘുപുസ്തകത്തിൽ അടങ്ങിയ ചില നിർദ്ദേശങ്ങളുടെ തുടർ നടപടികളെപ്പറ്റി ചർച്ചകൾ നടത്തുവാനുള്ള അവസരം ഞാൻ ഉറ്റുനോക്കുകയാണ്.
***എം. ദാമോദരൻ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, IDBI***

• *i Watch* നടത്തുന്ന നല്ല പ്രവർത്തനങ്ങളെപ്പറ്റി ഞാൻ ബോധവാനാണ്. സദ്ഭരണം, പരിശീലനം, തൊഴിൽ സൃഷ്ടിക്കൽ തുടങ്ങിയവയെ പ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞാൻ സശ്രദ്ധം വീക്ഷിക്കുന്നു.
***എം. വെങ്കയ്യ നായിഡു, പ്രസിഡണ്ട്, BJP***

• താങ്കൾ ചെയ്യുന്ന നല്ല പ്രവർത്തനങ്ങൾ ദയവായി തുടരുക.
***ഡോ. ആർ. നടരാജൻ, ചെയർമാൻ, ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജുക്കേഷൻ***

• ഇന്ത്യയെ കൈപിടിച്ച് ഉയർത്തുവാനുള്ള താങ്കളുടെ സമഗ്ര പരിപാടികളും ശ്രമങ്ങളും എന്നിൽ വളരെയേറെ മതിപ്പുളവാക്കിയിട്ടുണ്ട്.

***ബാബു ഖുൽഫാൻ, യുഎസ്എ ആസ്ഥാനമായുള്ള NRI***

• *i Watch* ഏറ്റെടുത്തിട്ടുള്ള ദൗത്യം സദ്ഭരണത്തെ സംബന്ധിച്ചിടത്തോളം തികച്ചും കാലികമാണ്. താങ്കളുടെ ഫൗണ്ടേഷനുമായി സഹകരിക്കാൻ സന്തോഷമേയുള്ളു.

***ദീപാങ്കർ സാൻവാൽക്കെ, എക്സിക്യൂട്ടീവ് ഡയറക്റ്റർ, KPMG***

• താങ്കൾ നടത്തിയിട്ടുള്ള പ്രസന്റേഷനുകളെപ്പറ്റി ഞങ്ങളുടെ അനുമോദനങ്ങൾ അറിയിക്കട്ടെ. വൊക്കേഷണൽ വിദ്യാഭ്യാസത്തിൻെയും ട്രെയനിംഗിന്റെയും കാര്യത്തിൽ നമ്മൾ ഒന്നിച്ചു പ്രവർത്തിക്കുന്നതിൽ താങ്കൾ പ്രകടിപ്പിച്ച താല്പര്യത്തിൽ ഞങ്ങൾക്ക് സന്തോഷവും അഭിമാനവുമുണ്ട് അതിനുള്ള സാദ്ധ്യതകൾ ഞങ്ങൾ കാണുന്നു.

***പ്രൊഫ. രൂപ ഷാ, വൈസ് ചാൻസലർ,***
***എസ്. എൻ. ഡി. ടി. വിമെൻസ് യൂണിവേഴ്സിറ്റി.***

• IC സെന്റർ ഫോർ ഗവേണൻസിലെ ഒരു സ്ഥാപക മെമ്പർ എന്ന നിലയിൽ താങ്കളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. താങ്കൾ തിരഞ്ഞെടുക്കുന്ന അടിസ്ഥാന പ്രശ്നങ്ങളിലും രൂപരേഖ തയ്യാറാക്കുന്ന കർമ്മപദ്ധതികളിലും സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാർ മതിപ്പുള്ളവരാണ്.

***പ്രഭാത്കുമാർ, മുൻ ക്യാബിനറ്റ് സെക്രട്ടറി & പ്രസിഡണ്ട്,***
***IC സെന്റർ ഫോർ ഗവേണൻസ്***

• ഞങ്ങളുടെ ചീഫ് സെക്രട്ടറിയുമായുണ്ടായ ചർച്ചകളുടെ പശ്ചാത്തലത്തിൽ, സദ്ഭരണവും ഫലപ്രദമായ ഭരണ നിർവഹണവും എന്ന വിഷയത്തിൽ ഡൽഹി സെക്രട്ടേറിയറ്റിൽ ഗവണ്മെന്റ് ഓഫ് NCT-യിലെ 450-ഓളം വരുന്ന സീനിയർ, മിഡിൽ ലെവൽ ഓഫീസർമാർക്കുവേണ്ടി ''ഇന്ററാക്റ്റിവ് സെഷനുകൾ'' താങ്കൾ നടത്തുമെങ്കിൽ ഞങ്ങൾ സന്തുഷ്ടരായിരിക്കും.

***പ്രകാശ് കുമാർ, AR & IT സെക്രട്ടറി, ഗവണ്മെന്റ് ഓഫ് NCT***

• **വേൾഡ് ഈകൊണോമിക് ഫോറവും CIIയും** ചേർന്ന് സംഘടിപ്പിക്കുന്ന ഇന്ററാക്റ്റിവ് വർക്ക്ഷോപ്പുകളിൽ ''ഇന്ത്യയും ലോകവും 2025'' വിവിധ സങ്കല്പങ്ങളെപ്പറ്റി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കാനുള്ള എക്സ്പെർട്ട് പാനലിന്റെ ഭാഗമാകാൻ *i Watch*-നെ ക്ഷണിക്കുന്നു.

***കോൺഫെഡറേഷൻ ഓഫ് ഇന്ത്യ ഇൻഡസ്ട്രി***

• താങ്കൾ ചെയ്തുകൊണ്ടിരിക്കുന്ന നല്ല പ്രവർത്തന ങ്ങൾക്ക് എന്റെ അനുമോദനങ്ങൾ. താങ്കളുടെ പ്രവർത്തനങ്ങൾക്ക് എല്ലാ അഭ്യുദയങ്ങളും ആശംസിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. താങ്കളുടെ പ്രസിദ്ധികരണങ്ങൾ ജനങ്ങളെ ബോധവത്കരിക്കുന്നതിലും പ്രശ്നങ്ങൾ ഉയർത്തിക്കാണിക്കുന്നതിലും കൂടുതൽ ശ്രദ്ധ ആവശ്യമുള്ള പ്രശ്നങ്ങൾക്ക് ഊന്നൽ നൽകുന്നതിലും വിജയിക്കുമെന്ന് എനിക്കുറപ്പുണ്ട്.

***എം. വി. രാജശേഖരൻ,***
***ആസൂത്രണ കമ്മിഷൻ സഹമന്ത്രി, ആസൂത്രണ കമ്മിഷൻ***

• NRI-സിവിൽ സൊസൈറ്റി പാർട്ട്ണർഷിപ്പ് എന്ന വിഷയത്തെപ്പറ്റിയുള്ള സെമിനാറിൽ പങ്കെടുക്കാനും ചർച്ചകൾക്ക മാർഗ്ഗ് നിർദ്ദേശം നൽകാനും സമയം നൽകാൻ കഴിയുമെങ്കിൽ ഞങ്ങൾ അത്. അങ്ങേയറ്റം വിലമതിക്കും.

***ഡോ. അബീദ് ഹുസൈൻ, ചെയർമാൻ,***
***ഗ്രൂപ്പ് ഫോർ ഇകോണോമിക് & സോഷ്യൽ സ്റ്റഡീസ്***

• താങ്കളുടെ പിന്തുണയ്ക്ക് നന്ദി അറിയിക്കട്ടെ. ശക്തവും ഊർജസ്വലവുമായ ഒരു സംഘടനയായി വളരാൻ അതു ഞങ്ങളെ സഹായിച്ചിട്ടുണ്ട്.

***പത്മിനി സോമാനി, ഡയറക്റ്റർ, സലാം ബോംബെ ഫൗണ്ടേഷൻ***

• താങ്കളുടെ പ്രസിദ്ധീകരണം രസകരമായ വായന സമ്മാനിക്കുന്നു. താങ്കളുടെ സമിപനത്തിന്റെ ലാളിത്യവും പ്രായോഗികതയും ഞാൻ വളരെ വിലമതിക്കുന്നു.

***കെ. എൽ. ഛുഗ്, ചെയർമാൻ എമറിറ്റസ് ITC ലിമിറ്റഡ്***

• *i Watch* മികച്ച പ്രവർത്തനമാണ് നടത്തുന്നത്. നിങ്ങൾ നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങൾ ഞങ്ങളുടെ പ്രസ്ഥാനത്തിന് ധാരാളം വിവരങ്ങളും പ്രയോജനങ്ങളും നൽകുന്നുണ്ട്.

***സുദേഷ് കെ. അഗർവാൾ, സെക്രട്ടറി ജനറൽ,***
***ആൾ ഇന്ത്യൻസ് ഫൗണ്ടേഷൻ***

• താങ്കൾ ഒട്ടേറെ സ്ഥിതിവിവരക്കണക്കുകളും ഡാറ്റയും ശേഖരിച്ചിട്ടുണ്ട് വളരെ കഠിനാദ്ധ്വാനം ആവശ്യമുള്ള ജോലി യാണ് അത് എന്ന് സമ്മതിച്ചേ തീരൂ. എന്റെ പരിമിതമായ കഴിവുകൾ വച്ചുകൊണ്ട് താങ്കൾ സമാഹരിച്ച വിവരങ്ങൾ സാദ്ധ്യമായ എല്ലാ ഫോറങ്ങളിലും ഉയർത്തിക്കാണികാൻ ഞാൻ ശ്രമിക്കുന്നതാണ്.

***പി.എൻ.റോയ്, ചെയർമാൻ, ഇൻഡോ-ആസാഹി ഗ്ലാസ്സ് ലിമിറ്റഡ്***

• നമ്മുടെ സാമൂഹ്യ സാംസ്കാരിക, സാമ്പത്തിക മേഖല കളെ തുറിച്ചു നോക്കുന്ന ദീഷണ സ്വഭാവമുള്ള പ്രശ്നങ്ങൾ നിരത്തിക്കാണിക്കുവാൻ താങ്കൾ നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്.

***ആർ. എസ്. അഗർവാൾ, ജോയിന്റ് ചെയർമാൻ,***
***ഇനാമി ഗ്രൂപ്പ് ഓഫ് കമ്പനീസ്***

• ''ഇന്ത്യയുടെ ഭരണവും ഭരണ നിർവഹണവും'' എന്ന താങ്കളുടെ പേപ്പർ ഞാൻ വിമർശന ബുദ്ധിയോടെ പഠിച്ചു. അഗാധമായ മതിപ്പ് ഉളവാക്കിയതോടൊപ്പം അത് എന്റെ മനസ്സിനെ അലട്ടുകയും ചെയ്തു. ആരെയും ഉണർത്താനും ചിന്തിപ്പിക്കാനും മാത്രം ശക്തമാണ് അത്. ശരിയായ സ്ഥലങ്ങളിൽത്തന്നെ അത് ആഞ്ഞ് കൊള്ളുന്നു. ഇന്ത്യയുടെ രോഗം എന്താണെന്ന് നിങ്ങൾ കൃത്യമായി ചൂണ്ടി ക്കാണിച്ചിട്ടുണ്ട്.

***പ്രകാശ് അൽമീഡ, ഡയറക്റ്റർ,***
***ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡി ഓഫ് ഈക്കണോമിക് ഇഷ്യൂസ്***

• ഈ പുസ്തകം ലഭിക്കുന്ന എല്ലാവരെയും ചിന്തിക്കാൻ അത് പ്രേരിപ്പിക്കുമെന്നും അതിൽ ചിലരെങ്കിലും ചിന്താപഥത്തിൽനിന്നും താങ്കൾ വരച്ചുകാട്ടുന്ന ദർശനം സാക്ഷാത്കരിക്കാൻ കർമ്മ മാർഗ്ഗത്തിലേക്കിറങ്ങുമെന്നും എനിക്ക് ഉറപ്പുണ്ട്.

***എൻ. വിത്തൽ, സെൻട്രൽ വിജിലൻസ് കമ്മീഷൻ, CVC***

# *i Watch*-നെപ്പറ്റി

• താങ്കളുടെ കാഴ്ചപ്പാട് ഉത്കൃഷ്ടമാണ്. ആശയങ്ങൾ തനിമയുള്ളവയാണ്. ചില സ്ഥിതിവിവരക്കണക്കുകൾ ആകട്ടെ അത്ഭുതപ്പെടുത്തുകയും ഞെട്ടിപ്പിക്കുകയും ചെയ്യുന്നവയാണ്. താങ്കളുടെ ആശയങ്ങൾക്ക് അഖിലേന്ത്യാ തലത്തിൽ മാദ്ധ്യമങ്ങൾ വഴി കൂടുതൽ പ്രചാരം കിട്ടുമെന്ന് ഞാൻ പ്രത്യാശക്കുന്നു.

***എച്ച്.എൻ. ദസ്തൂർ, എക്സിക്യൂട്ടീവ് ഡയറക്റ്റർ,***
***ഭാരതീയ വിദ്യാ ഭവൻ***

• ബോധജ്ഞാനം ഉണ്ടെങ്കിൽ അതിനെ തുടർന്ന് പ്രവൃത്തിയും ഉണ്ടാകും, ഈ യജ്ഞത്തിൽ ഞാനും മറ്റു ധാരാളം ഇന്ത്യക്കാരും താങ്കൾക്കൊപ്പം ഉണ്ടാകും. പ്രവർത്തനം തുടരൂ.

***സുശീൽ ഗുപ്ത, മുൻ ഡിസ്ട്രിക്റ്റ് ഗവർണർ,***
***റോട്ടറി ഡിസ്ട്രിക്റ്റ് 3010.***

• താങ്കളുടെ കത്തിൽ അടങ്ങിയിട്ടുള്ള ഒറ്റ പോയിന്റ് അജണ്ട പിൻതുടരുവാൻ എന്റെ കഴിവിന്റെ പരമാവധി തുടർന്നും ചെയ്യുമെന്ന് ഞാൻ താങ്കൾക്ക് ഉറപ്പുതരട്ടെ.

***ജോർജ്ജ് ഫെർണാണ്ടസ്, ഡിഫൻസ് മിനിസ്റ്റർ,***
***ഗവണ്മെന്റ് ഓഫ് ഇന്ത്യ***

• താങ്കളുടെ അനുഭവ സമ്പത്ത് ഞങ്ങൾക്ക് പകർന്നു തന്നത് ഞങ്ങൾക്ക് നൽകിയ ഒരു ബഹുമാനമായി ഞങ്ങൾ കരുതുന്നു.

***എയർ കമ്മൊഡോർ അമൃത് ലാൽ, എക്സിക്യൂട്ടീവ് ഡയറക്റ്റർ,***
***ഇന്ത്യൻ സൊസൈറ്റി ഫോർ ട്രെയിനിംഗ് - ഡെവലപ്മെന്റ്***

• താങ്കളുടെ കുറിപ്പിൽ പ്രകടമാക്കിയ വീക്ഷണങ്ങൾ ഞാൻ വിലമതിക്കുന്നു ഒപ്പം സമൂഹത്തെ നേരായ ദിശയിൽ വികസിക്കാൻ സഹായിക്കുന്ന കൂടുതൽ ആശയങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും ക്ഷണിക്കുകയും ചെയ്യുന്നു.

***സുരേഷ് പ്രഭു, മെമ്പർ ഓഫ് പാർലമെന്റ്, ലോക് സഭ.***

## എന്താണ് *i Watch* ?

ഇന്ത്യയുടെ സമൂല പരിവർത്തനം ലക്ഷ്യമിടുന്ന ഒരു ദേശീയ ജനകീയപ്രസ്ഥാനമാണ് *i Watch. 'i'* അർത്ഥമാക്കുന്നത് ഇന്ത്യ, നിങ്ങളും ഞാനും ഉൾപ്പെട്ട ഇന്ത്യൻ ജനത എന്നാണ്. *'Watch'* അർത്ഥമാക്കുന്നത് ഇന്ത്യയിലെ സംഭവവികാസങ്ങൾ നമ്മൾ നോക്കിക്കാണുകയും മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ബോധവത്കരണം നടത്തുന്നതിനായി കാര്യങ്ങൾ ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നു എന്നാണ്.

ഇതിലെ 'i' വളരെ ചെറുതാണ്, കാരണം വിനയവും എളിമയും കൊണ്ടുമാത്രമേ സത്യം കണ്ടെത്താൻ കഴിയൂ എന്നാണ് നമ്മുടെ ഗുരുക്കന്മാർ നമ്മെ പഠിപ്പിച്ചിട്ടുള്ളത്. **മനുഷ്യ വിഭവശേഷി വികസനം, സദ്ഭരണം, സമ്പദ്ഘടന, സംരഭകത്വം, തൊഴിൽ സൃഷ്ടി** അവ തമ്മിലുള്ള പരസ്പര ബന്ധം എന്നിവയിൽ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

മുംബൈ ആസ്ഥാനമായുള്ള ഒരു രജിസ്റ്റേർഡ് ധർമ്മ സ്ഥാപനമാണ് *i Watch.*

*i Watch*-ന് നൽകുന്ന സംഭാവനകൾക്ക് ഇൻകം ടാക്സ് ആക്റ്റിന്റെ 80ജി വകുപ്പിന്റെ ആനുകൂല്യം ലഭിക്കും.

വിദേശ സംഭാവനകൾക്കുള്ള FCRA അംഗീകാരം ജനുവവരി 2009-ൽ ലഭിച്ചിട്ടുണ്ട്.

## ഇന്ത്യയുടെ പരിവർത്തനം നമ്മൾ എങ്ങനെ ആസൂത്രണം ചെയ്യുന്നു?

*i Watch* പ്രവർത്തിക്കുന്നത് മൂന്ന് നിലകളിലാണ്.

1. **ബോധവത്കരണം ആണ് ആദ്യത്തെ പടവ്.**
   *''ഇന്ത്യയെ ഒരു വിവരാധിഷ്ഠിത സമ്പദ്ഘടനയാക്കൽ'', ''ഒരുപക്ഷെ നിങ്ങൾക്ക് പരിചയമില്ലാത്ത ഇന്ത്യ'', ''ഇന്ത്യക്ക് ഒരു കർമ്മപദ്ധതി''*തുടങ്ങിയ കുറിപ്പുകൾ ബോധവത്കരണത്തിനായി ഉപയോഗിക്കും.

2. **''പരിഹാരങ്ങൾ'', ''കർമ്മപദ്ധതികൾ''**
   ഞങ്ങളുടെ വെബ്സൈറ്റ്, ഇന്ററാക്റ്റീവ് വർക്ക്ഷോപ്പുകൾ, ട്രാൻഫോമിങ് ഇന്ത്യ (ഇന്ത്യയുടെ പരിവർത്തനം) എന്ന പേരിലുള്ള 104 പേജ് പുസ്തകം തുടങ്ങിയവ വഴി ഇത് സാധിക്കുന്നു.

3. **യഥാർത്ഥ നിർവഹണം**
   ഈ ഉദ്ദേശ്യത്തോടെ ഗവണ്മെന്റ്, പൊതു, സ്വകാര്യ സംഘടനകൾ എന്നിവയുമായി സഹകരിച്ചു പ്രവർത്തിക്കുകയും ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു.

## *i Watch* ഇതുവരെ എന്തു നേടി?

1992ൽ, ഇന്ത്യയുടെ പരിവർത്തനം എന്ന ആശയവുമായി യാത്ര തുടങ്ങിയപ്പോൾ, എന്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം എന്നതിനെപ്പറ്റി ഞങ്ങൾക്ക് യാതൊരു പിടിപാടിയും ഉണ്ടായിരുന്നില്ല.

ഇന്ത്യയുടെ പരിവർത്തനത്തിന് ഊന്നൽ നൽകേണ്ട കാര്യങ്ങളെപ്പറ്റി ചില അടിസ്ഥാന തീരുമാനങ്ങളിലെത്തുന്നതിന് ഞങ്ങൾക്ക് ഏകദേശം 4 വർഷത്തെ ഗവേഷണങ്ങളും യാത്രകളും വേണ്ടി വന്നു.

1996-ൽ ഇത് ഞങ്ങൾക്ക് സാദ്ധ്യമായി. 1997-ൽ ശരിയായ പ്രവർത്തനം തുടങ്ങി. താഴെ പറയുന്ന നാല് സുപ്രധാന പ്രശ്നങ്ങളിലേയ്ക്കായി ശ്രദ്ധ കേന്ദ്രീകരിച്ചു:-

1. **മാനവ ശേഷിവികസനം, വൊക്കേഷണൽ വിദ്യാഭ്യാസം, തൊഴിൽ സൃഷ്ടിക്കൽ**

2. **ഇന്ത്യയുടെ സദ്ഭരണം, ഭരണകാര്യങ്ങൾ.**

3. SSI, MSME, പ്രസക്തതൊഴിൽ നിയമങ്ങൾ എന്നിവയെ സംബന്ധിച്ച **നയമാറ്റങ്ങൾ.**

4. **സമ്പദ്ഘടനയും സംരംഭകത്വവും-** ഉദാ: കയറ്റുമതിയിലും റിട്ടെയിൽ, ഹോൾസെയിൽ, മാനുഫാക്ചറിംഗ്, ട്രാവൽ, ടൂറിസം, ആരോഗ്യ പരിപാലനം, അടിസ്ഥാന സൗകര്യങ്ങൾ, കൃഷി തുടങ്ങിയ മറ്റു മേഖലകൾക്കും ഊന്നൽ നൽകൽ.

ഈ നാലു മേഖലകളിലും കുറച്ചൊക്കെ വിജയം വരിക്കാൻ i Watch-നു കഴിഞ്ഞിട്ടുണ്ട്. തീരുമാനങ്ങൾ എടുക്കുന്ന ആളുകളുടെ ഒരു വിഭാഗത്തിന്റെ മനോഭാവങ്ങളിൽ മാറ്റം വരുത്താൻ താഴെപറയുന്ന മാർഗ്ഗങ്ങളിലൂടെയുള്ള ശ്രമങ്ങളുടെ ഫലമായാണ് ഇത്:

1. പരസ്പര ആശയ വിനിമയങ്ങൾക്ക് സൗകര്യമൊരുക്കിയ വർക്ക്ഷോപ്പുകളും സെമിനാറുകളും ലേഖനങ്ങളും.

2. *ഇന്ത്യയെ ഒരു വിവരാധിഷ്ഠിത സമ്പദ്ഘടനയാക്കൽ, ഒരുപക്ഷെ നിങ്ങൾക്കു പരിചയമില്ലാത്ത ഇന്ത്യ*, ഇന്ത്യക്കൊരു കർമ്മപദ്ധതി തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ.

3. ട്രാൻസ്ഫോമിംഗ് ഇന്ത്യ എന്ന 104പേജുള്ള പുസ്തകം

4. ഞങ്ങളുടെ വെബ്സൈറ്റ് ആയ www.wakeupcall.org

5. MHRD പ്ലാനിംഗ് കമ്മീഷൻ, ചേമ്പേഴ്സ് ഓഫ് കോമേഴ്സ്, CII, FICCI, IT മന്ത്രാലയം തുടങ്ങിയവയുടെ ദേശീയ കമ്മിറ്റികളിലെ പങ്കാളിത്തം.

CII, FICCI, ASSOCHAM, PHDCC&I, IMC, MEDC, BCC&I തുടങ്ങിയ സംഘടനകളിലെ അംഗമെന്ന നിലയിലും IBA, RBI, MOF തുടങ്ങിയവരുമായുള്ള ചർച്ചകളിലൂടെയും **MSME's**യുടെ അർത്ഥവ്യാപ്തിയെ സ്വാധീനിക്കാനും **SSI's**യുടെ പരിമിത പ്രസക്തിയെപ്പറ്റി മനസ്സിലാക്കിക്കാനും ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

# ജീവിതത്തിൽ മാറ്റമില്ലാത്തത് മാറ്റത്തിന് മാത്രം
